മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 08 | THE ONLINE OFFICIAL NEWS BULLETIN | 2022 February 19

ദനഹാകാലം | SEASON OF EPIPHANY | ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
20 ♪8 hadbšabo d anidé Sunday of all Departed	21 ♪4 Comm. of St. Themothios of Alexandria	22 ♪8	23 ♪4 Comme. of St. Policarp 88th Comme. of St. Dionysius Vattasseril (Kottayam old seminary) 14th Memorial of Thomas Mar Makarios Metropolitan (Devalokam)	24 ♪8 Comme. of Apostle St. Mathew the Evangelist	25 ♪4	26 ♪8



അസോസിയേഷൻ അജണ്ട പ്രസിദ്ധീകരിച്ചു

കോലഞ്ചേരി: മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിന്റെ അജണ്ട യോഗ സ്ഥലമായ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ദേവാലയ അങ്കണത്തിലുള്ള ബസേലിയോസ് പൗലോസ് പ്രഥമൻ നഗറിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രസിദ്ധീകരിച്ചു.

വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, സഭാ വക്താവ് ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഫാ. ജേക്കബ് കുര്യൻ എന്നിവർ സന്നിഹിതരായിരുന്നു. സഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിലും, സഭയുടെ വെബ്സൈറ്റിലും അജണ്ട പ്രസിദ്ധീകരിച്ചു. അസോസിയേഷൻ യോഗം ഫെബ്രുവരി 25 ഉച്ചക്ക് 1 മണിക്ക് ആരംഭിക്കും. 7 മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുന്നതിനായിട്ടാണ് അസോസിയേഷൻ യോഗം ചേരുന്നത്. അസോസിയേഷൻ യോഗത്തിന്റെ പ്രധാന വേദി പരിശുദ്ധ കാതോലിക്കാ ബാവാ കൂദാശ ചെയ്തു. തുടർന്ന് ബാവായുടെ അദ്ധ്യക്ഷതയിൽ കോലഞ്ചേരി പ്രസാദം സെന്റ്റിൽ അസോസിയേഷൻ ക്രമീകരണങ്ങളെ സംബന്ധിച്ച് ആലോചനാ യോഗം ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തി.





ප. കാതോലിക്കാ ബാവാ മാരാമൺ കൺവൻഷനിലെ എക്യൂമെനിക്കൽ യോഗം ഉദ്ഘാടനം ചെയ്തു. ഡോ. തിയോഡോഷ്യസ് മാർ തോമാ മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു.




മാവേലിക്കര പുളിമൂട് സെന്റ് പോൾസ് മിഷൻ ട്രെയിനിങ് സെന്ററിൽ മലങ്കര സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ ഓർമ്മ പ്പെരുന്നാളിൽ പ. കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിൽ ധൂപ പ്രാർത്ഥന നടത്തുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

“എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു.”



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

സകല വാങ്ങിപ്പോയവരുടെയും ഓർമ്മ ആഘോഷിച്ച് നാമും അവരും ചേർന്ന് സ്രഷ്ടാവിനെ മഹത്വപ്പെടുത്തുകയും രക്ഷാകരമായ വി. വലിയ നോമ്പിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുകയും ചെയ്യുന്ന സമയമാണല്ലോ. “ദൈവമായ കർത്താവേ! സത്യവിശ്വാസത്തിൽ ഞങ്ങളിൽ നിന്നും വാങ്ങിപ്പോയിരിക്കുന്ന സകല മരിച്ചുപോയവരെയും നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തേണമെ. ഞങ്ങളും അവരും ചെയ്തുപോയ പിഴകളെ നീ ക്ഷമിക്കണമെ” എന്ന പ്രാർത്ഥനയോടെ അവരുടെ മദ്ധ്യസ്ഥതയിലും സംസർഗ്ഗത്തിലും നാം എപ്പോഴും ചേർന്നുനിൽക്കുന്നു.

വാങ്ങിപ്പോയവരെക്കുറിച്ചുള്ള മനോഹരങ്ങളായ വേദവായന ഭാഗങ്ങളാണ് ഈ ആഴ്ചയിൽ ക്രമീകരിച്ചിരിക്കുന്നത് എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. ആദ്യ പഴമവായന തന്നെ ഇതിന് ഉത്തമ ഉദാഹരണമാണ്: തന്റെ സ്നേഹിതനായ വിശ്വസ്തനായ മോശ മുഖാന്തരം യഹോവയായ ദൈവം തന്റെ ജനതയെ മിസ്രയേമിൽ നിന്നും തിരികെ വിളിച്ച് വാഗ്ദത്ത ഭൂമിയായ ഇസ്രായേലിലേക്ക് നയിക്കുന്നു. യോർദ്ദാൻ നദി കടന്നാൽ ദൗത്യപൂർത്തീകരണമാവുമെന്നിരിക്കെ അതിനു തൊട്ടുമുമ്പ് നെബോ പർവ്വത ശിബിരത്തിൽ നിർത്തി മോശയെ കനാൻദേശം കാണിച്ച ശേഷം തന്റെ ശിഷ്യനായ ജോഷ്വായുടെ നേതൃത്വത്തിൽ ദൈവജനം അവിടെ പ്രവേശിക്കുമെന്നും എന്നാൽ നിന്റെ ദൗത്യം ഇവിടെ അവസാനിക്കുന്നുവെന്നും കല്പിക്കുന്നു. താൻ ഒരിക്കലും കണ്ടിട്ടില്ലാത്ത എന്നാൽ ഒരു ജനതയെ അവരുടെ കഷ്ടതകളിൽ നിന്നും നൂറ്റാണ്ടുകളുടെ പ്രവാസ ജീവിതത്തിൽ നിന്നും വിടുവിച്ച് അവരുടെ പിതാക്കന്മാരുടെ നാട്ടിൽ തിരികെയെത്തിക്കുവാൻ നൂറ്റിഇരുപതു വത്സരം നീണ്ട തന്റെ ആയുസ്സ് മുഴുവൻ പരിശ്രമിച്ച മോശയെ അതിനു തൊട്ടുമുമ്പ് തന്നിലേക്ക് ചേർക്കുകയും താൻ തന്നെ അവനെ സംസ്കരിക്കുകയും ചെയ്യുന്നു. മോശ ചേർക്കപ്പെട്ടത് നിത്യതയിലേക്കാണ്. മുപ്പതു ദിവസത്തെ വിലാപത്തിനുശേഷം വർദ്ധിതവീര്യത്തോടെ മോശയുടെ ആത്മാവിനെ പ്രാപിച്ച ജോഷ്വാ ജനത്തെ ദൈവശക്തിയാൽ മുന്നോട്ടു നയിക്കുന്നു! (ആവർത്തനം 34). പാരമ്പര്യത്തിന്റെയും പിൻതുടർച്ചയുടെയും ദൈവത്വത്തിൽ സമാധിയായി വിലയം പ്രാപിക്കുന്നതിന്റെയും ഏറെ മനോഹരമായ ഒരു ആത്മവിവരണമാണ് ഇവിടെ പ. സഭ കാണുന്നത്. മോശ തന്നെയാണ് നൂന്റെ മകനായ ജോഷ്വായിൽ പുനർജനി പ്രാപിക്കുന്നത്. ഓരോ സംസ്കരണവും പുതുമയിലേക്കുള്ള ഉയിർപ്പുകളാണ്. ആദം മുതൽ ഇന്നയോളമുള്ള എന്റെ പൈതൃകമാണ് മുന്നോട്ടുള്ള എന്റെ പ്രേരണയും ചാലകശക്തിയുമെന്ന് ഓരോ വിശ്വാസിയും ഓർക്കണം.

ദൗത്യപൂർത്തീകരണത്തിനുശേഷം ജോഷ്വായും കാലഗതി പ്രാപിക്കുന്ന ചിത്രമാണ് അടുത്ത വായനാഭാഗം! 110 വയസ്സുള്ളവനായി അവൻ ദൈവസന്നിധിയിൽ നിർവൃതി പൂണ്ട് തന്റെ ജനത്തോട് ചേരുന്നു; അവന്റെ അവകാശ ഭൂമിയിൽ അടക്കം ചെയ്യപ്പെടുന്നു. യാത്രയിൽ അവരോടൊപ്പം ഉണ്ടായിരുന്ന ഏറ്റവും വലിയ നിക്ഷേപം തങ്ങളുടെ പൂർവ്വീകനായ ജോസഫിന്റെ അസ്ഥികളായിരുന്നു. അവ ബഹുമാനപൂർവ്വം പിതൃഭൂമിയിൽ സംസ്കരിച്ചുവെന്നും അഹരോന്റെ മകൻ എലെയാസറും മരിച്ച് ജനതയോട് ചേർന്നുവെന്നും ഇവിടെ വായിക്കുന്നു. പിൻതുടർച്ചയുടെയും നിത്യയുടെ സുന്ദരമായ മറ്റൊരു ഭാഗമാണ് ഇവിടെയും നാം കാണുന്നത് (ജോഷ്വാ 24:29–33).

മനുഷ്യജീവിതം ക്ഷണികമാണ്. അർത്ഥമില്ലാത്ത ജീവിതം നിരർത്ഥകമായി തീരുന്നു. എന്നാൽ നന്മയിൽ ജീവിക്കുന്നവൻ അനശ്വരത പ്രാപിക്കുന്നുവെന്നും യഹോവ അവനെ രക്ഷിക്കുമെന്ന് വിശ്വസിച്ച് അവൻ ഒരുങ്ങിയിരിക്കുന്നുവെന്നും യെശയ്യാ പ്രവാചകനും (38:10–20) ഓർമ്മിപ്പിക്കുന്നു.

ശ്രീ ശങ്കരാചാര്യരുടെ നാമത്തിൽ അറിയപ്പെടുന്ന ‘ഭജഗോവിന്ദം’ എന്ന തത്വചിന്താപരമായ പ്രാർത്ഥനാഗീതത്തിൽ ജനന–മരണ പ്രക്രിയയിലൂടെ തലമുറയുടെ തുടർച്ചയും അതിദുഷ്കരമായ സംസാര സാഗരത്തിൽ നിന്നും ആത്യന്തികമായി രക്ഷപ്രാപിച്ച് മോക്ഷപ്രാപ്തിയിലെത്തുന്ന പ്രക്രിയയിൽ മാതൃഗർഭത്തിനും പൈതൃകത്തിനുമൊക്കെയുള്ള സ്ഥാനം വർണ്ണിക്കുന്നതും സാന്ദർഭികമായി ഓർക്കുന്നു. മൂഢനായ മനുഷ്യാ! നിന്റെ അഹന്തയും അഹങ്കാരവും അജ്ഞതയും ഉപേക്ഷിച്ച് നീ രക്ഷകനായ ദൈവത്തെ വിളിച്ച് പ്രാർത്ഥിക്കുക എന്ന് പഠിപ്പിക്കുന്നു.

പൊതുലേഖനത്തിൽ യാക്കോബ് ശ്ലീഹാ നൽകുന്ന സന്ദേശവും ശ്രദ്ധേയമാണ്. ദൈവം നിഗളികളെ എതിർക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നുവെന്നും ആകയാൽ അവന് കീഴടങ്ങുവീൻ. അവന്റെ സന്നിധിയിൽ താഴുവീൻ; അവൻ നിന്നെ ഉയർത്തും. ഒപ്പം നന്മ ചെയ്യുവാനറിഞ്ഞിട്ടും അഥവാ അവസരങ്ങൾ ഉണ്ടായിട്ടും ആയത് ചെയ്യാത്തവൻ പാപം ചെയ്യുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു (യാക്കോബ് 4:6–5:6).

കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിലൂടെ പ. പൗലൂസ് ശ്ലീഹാ വാങ്ങിപ്പോയവരെ കുറിച്ചുള്ള പ്രൗഢമായ പ്രസംഗമാണ് നൽകുന്നത്. വിശ്വാസത്തിൽ വാങ്ങിപ്പോകുന്നവർക്ക് ക്രിസ്തുവിൽ നിത്യമായ ഉയിർപ്പുണ്ട് എന്നതാണ് അദ്ദേഹത്തിന്റെ മുഖ്യസന്ദേശം. ആദമിൽ എല്ലാവരും ജീവിക്കുന്നു; ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങി പോകുമെന്നും അങ്ങനെ സകലവും അവന് കാൽകീഴാകുമെന്നും ഉപന്യസിക്കുന്നു.

ക്രിസ്തുവിനായി ഉണർന്നിരിക്കുവാനുള്ള ആഹ്വാനമാണ് സുവിശേഷ ഭാഗങ്ങൾ ഈ ദിവസത്തിൽ നൽകുന്നത്. “എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവീൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കി കൊൾവീൻ” എന്ന ശബ്ദം അവൻ കേൾക്കുവാൻ ഇടയാകട്ടെ എന്ന ആശംസയും കർത്താവ് തന്നെ നൽകുന്നുണ്ട്. സമൂഹത്തിൽ ദരിദ്രനും പ്രതിസന്ധികളിൽ അകപ്പെട്ടവനുമൊക്കെയായി കാണുന്നവനിലാണ് ക്രിസ്തുവിനെ കണ്ടെത്തേണ്ടതെന്നും ആയതിന് സാധിക്കാത്തവനെ “ശപിക്കപ്പെട്ടവനെ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവീൻ” എന്ന് പറഞ്ഞ് അവൻ തള്ളികളയുമെന്നും കാണുന്നു.

വി. യോഹന്നാൻ ശ്ലീഹായുടെ വേദശാസ്ത്രത്തിൽ ക്രിസ്തുവിൽ വാങ്ങിപ്പോകുന്നവൻ മരണത്തെ വിട്ട് ജീവനിലേക്ക് കടന്നിരിക്കുന്നു; അവൻ ന്യായവിധിയിൽ അകപ്പെടുന്നില്ല എന്ന് പ്രത്യേകം പറയുന്നു.

ക്രിസ്തുവിൽ പുനർ ജനിച്ചവൻ ആത്മാവിൽ മരിക്കുന്നില്ല എന്ന് മാത്രവുമല്ല, അവനെ ന്യായവിധിയിൽ അകപ്പെടാതെ നിത്യജീവനിലേയ്ക്ക് ക്ഷണിക്കുവാൻ തനിക്ക് അവകാശമുണ്ടെന്ന് വി. യോഹന്നാനിലൂടെ പ. സഭ മനസ്സിലാക്കുന്നു. “എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുമെന്നും, അവൻ ഒരുനാളും മരിക്കുന്നില്ല എന്നും അവൻ മരിച്ചാലും ജീവിക്കുമെന്നും” വി. യോഹന്നാനിൽ നിന്നും കർത്താവിന്റെ വചസ്സുകളായി നാം കേൾക്കുന്നു.

“ചെറിയ ആട്ടിൻകൂട്ടമേ, ഭയപ്പെടരുത്, നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു നൽകുവാൻ പ്രസാദിച്ചിരിക്കുന്നു എന്നും നിങ്ങൾക്കുള്ളതു വിറ്റ് ഭിക്ഷ കൊടുപ്പിൻ; കള്ളൻ അടുക്കയോ പുഴു കെടുക്കയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്കു ഉണ്ടാക്കികൊള്ളുവിൻ” എന്നും “നിങ്ങളുടെ നിക്ഷേപം ഉള്ളടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും എന്ന് പ്രബോധിപ്പിച്ച ശേഷം മനുഷ്യപുത്രന്റെ വരവിനായി നിങ്ങൾ ഒരുങ്ങിയിരിപ്പിൻ” എന്നും നമ്മുടെ കർത്താവ് ആഹ്വാനം ചെയ്യുന്നതോടെയാണ് വി. കുർബാനയുടെ ഏവൻഗേലിയോൻ (ലൂക്കോസ് 12.32–49) അവസാനിക്കുന്നത്.

“ഞങ്ങളുടെ ജീവന്റെ ശരണവും ആത്മാക്കളുടെ രക്ഷകനുമായ മശിഹാ തമ്പുരാനെ! സത്യവിശ്വാസത്തോടെ മുമ്പുകൂട്ടി യാത്ര പുറപ്പെട്ട് നിന്റെ അടുക്കൽ വന്നുചേർന്ന ഞങ്ങളുടെ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ഗുരുക്കന്മാരുടെയും വിശ്വാസികളായ സകല വാങ്ങിപ്പോയവരുടെയും ആത്മാക്കൾക്കായി നിന്റെ പ്രകാശവും കൃപാകാന്തിയും ഉദിപ്പിക്കണമേ” എന്നാണ് പ്രാരംഭ പ്രാർത്ഥന.

പ. സഭയുടെ നിഖ്യാ–കുസ്തന്തീനോസ്പോലീസ് വിശ്വാസ പ്രഖ്യാപനത്തിലെ അവസാന വാചകം ഇവിടെ പ്രത്യേകം സ്മരിക്കണം. “മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപാർക്കുന്നു.” മരിച്ചുപോയവരുടെ ഉയിർപ്പും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും പൗരസ്ത്യസഭയുടെ അടിസ്ഥാന പ്രമാണങ്ങളാണ്. ഈ തത്വങ്ങളെ ധ്യാനിക്കുന്ന പ്രാർത്ഥനാഭാഗങ്ങളാണ് ഈ ദിവസത്തെ പ്രാർത്ഥനകളിൽ നിറഞ്ഞു നിൽക്കുന്നത്. വാങ്ങിപ്പോയവരുടെ ആത്മാക്കളെ നിന്റെ കരുണയാൽ കൈക്കൊള്ളണമേ; സ്വർഗ്ഗീയ ഭവനങ്ങളിൽ അവരെ പാർപ്പിക്കണമേ, നിന്റെ മുഖകാന്തി അവരിൽ പ്രകാശിപ്പിക്കണമേ” എന്നുമൊക്കെ സഭ പ്രത്യാശയോടെ പ്രാർത്ഥിക്കുന്നു.

“കർത്താവേ! നിന്നെ ഉൾക്കൊണ്ട് കാതോലികവും ശ്ലൈഹികവുമായ നിന്റെ പ. സഭയുടെ നായകന്മാരായി പ്രസിദ്ധരായ നിന്റെ ആചാര്യ ശ്രേഷ്ഠരുടെ പ്രാർത്ഥനകളെ കേൾക്കണമേ. അവരുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും നിന്റെ പ്രത്യാശയിൽ ഈ ആയുസ്സിനെ വെടിഞ്ഞ് സത്യവിശ്വാസത്തിൽ മുമ്പുകൂട്ടി നിദ്ര പ്രാപിച്ച എല്ലാവരെയും നിന്റെ കൃപയാൽ ഓർക്കണമേ. അവരുടെ ആത്മാക്കളെ ആശ്വസിപ്പിച്ച് അവരുടെ കുറ്റങ്ങളെ പരിഹരിച്ച് അവരുടെ നാമങ്ങളെ ജീവന്റെ പുസ്തകത്തിൽ എഴുതണമേ” എന്ന് നമുക്കും പ്രാർത്ഥിക്കാം. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ. കാതോലിക്കാ ബാവായുടെ വലിയ നോമ്പ് കല്പന

No. 23/2022

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ
സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പരിശുദ്ധവും രക്ഷാകരവുമായ വലിയ നോമ്പ് സമാഗതമാവുകയാണ്. നോമ്പ് ഒരു തീർത്ഥയാത്രയാണ്. രക്ഷയുടെ തുറമുഖത്തേക്കാണ് നോമ്പിന്റെ യാത്ര ലക്ഷ്യമിടുന്നത്. നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ സന്തോഷത്തെ പുൽകുവാനുള്ള ആവേശവും ആഗ്രഹവും നോമ്പിൽ നമ്മെ ഭരിക്കണം. സ്വർഗ്ഗത്തെ നോക്കി യാത്ര ചെയ്യുന്ന തീർത്ഥാടകരാണ് വിശ്വാസസമൂഹം. തീർത്ഥാടനത്തിന് അനുപേക്ഷണീയമായ ഒന്നാണ് ശരിയായ തയ്യാറെടുപ്പ്. അച്ചടക്കവും ദൃഢനിശ്ചയവും കഷ്ടപ്പെടുവാനുള്ള മനസും യാത്രക്ക് അത്യന്താപേക്ഷിതമാണ്. കൃത്യമായ പദ്ധതി ആസൂത്രണം ചെയ്താകണം യാത്രക്ക് തുടക്കം കുറിക്കേണ്ടത്. മണവാളന്റെ ഉയിർത്തെഴുന്നേൽപ്പിനായി കാത്തിരിക്കുന്ന മണവാട്ടി എന്ന നിലയിൽ സഭയുടെ നോമ്പുകാലത്തെ തീവ്രതയും സ്നേഹവായ്പും, വേദപുസ്തക വായനയിലും പ്രാർത്ഥനയിലും ആരാധനയിലും ഉപവാസ അനുഷ്ഠാനങ്ങളിലും കൂടി പ്രകടമാകണം.

മഹാവ്യാധിയും അനുബന്ധമായ പ്രതിസന്ധികളും സൃഷ്ടിക്കുന്ന വെല്ലുവിളി നിറഞ്ഞ ജീവിതനാളുകളിലൂടെയാണ് ലോകം ഇന്നു കടന്നുപോകുന്നത്. സമാനതകളില്ലാത്ത ഈ സാഹചര്യങ്ങളിൽ മാനുഷികമായ നമ്മുടെ കഴിവുകളും ആശ്രയബോധങ്ങളുമെല്ലാം നിഷ്പ്രഭമായി പോകുന്നു. സമുദ്രത്തിന്റെ ആഴങ്ങളിൽ നിന്ന് യോനായും സിംഹക്കുഴിയിൽ ദാനിയേലും തീച്ചൂളയിൽ ബാലന്മാരും പ്രാർത്ഥിച്ചപ്പോൾ അവരുടെ നിലവിളി കേട്ട് ഉത്തരമരുളിയ ദൈവം പശ്ചാത്താപത്തോടുകൂടിയ നമ്മുടെ പ്രാർത്ഥനകളിലും നോമ്പിലും പ്രീതിപ്പെട്ട് പ്രതിസന്ധികളിൽ നമ്മെ ആശ്വസിപ്പിക്കുമെന്നും രക്ഷയുടെ തുറമുഖങ്ങളിലേക്ക് നമ്മെ നയിക്കുമെന്നും നാം ഉറച്ചു വിശ്വസിക്കണം.

നോമ്പാകുന്ന തോൽക്കാത്ത ആയുധവുമേന്തി ക്രിസ്തുവിന്റെ രക്ഷാകരമായ കുരിശിന്റെ വഴികളിലൂടെ ഒരു തീർത്ഥയാത്ര നടത്തുവാൻ ഈ നോമ്പ് കാലത്ത് നമുക്ക് പരിശ്രമിക്കാം. മനസു പുതുക്കി രൂപാന്തരപ്പെടുവാൻ (റോമർ 12:2) പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നത് യാഥാർത്ഥ്യമാക്കുവാനുള്ള ദൃഢനിശ്ചയം നമുക്ക് ഉണ്ടാകണം. കൽപനകളുടെ ബാഹ്യമായ അനുഷ്ഠാനങ്ങളല്ല; ആന്തരികമായ അനുസരണമാണ് ഈ ശുദ്ധീകരണത്തിലേക്ക് നമ്മെ നയിക്കുന്നത്. ദൈവവുമായുള്ള ബന്ധം പുനഃക്രമീകരിക്കുവാനും മനുഷ്യബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കുവാനുമുള്ള കാലഘട്ടമായി ഇതിനെ നമുക്ക് രൂപാന്തരപ്പെടുത്താം. നിലങ്ങൾ കൃഷിക്കാരുടെ പുറകെ പോയിട്ടല്ല; കൃഷിക്കാർ നിലങ്ങളുടെ അടുത്തേക്ക് വിത്തുമായി ചെന്ന് വിതയ്ക്കുന്നതു പോലെ, ദരിദ്രർ നമ്മെ സമീപിച്ചിട്ടല്ല; ദരിദ്രരെ കണ്ടുപിടിച്ച് സഹായിക്കേണ്ട ഉത്തരവാദിത്വം ആണ് നമുക്കുള്ളത്. നോമ്പിന്റെ ഏറ്റവും വലിയ പ്രതിഫലനം അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതാണ്, അതാണ് ദൈവമുമ്പാകെയുള്ള ശുദ്ധവും നിർമ്മലവുമായ ഭക്തിയുടെ ലക്ഷണവും എന്ന് വിശുദ്ധ യാക്കോബ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു (യാക്കോബ് 1:27). വിശക്കുന്നവന് അപ്പം നുറുക്കി കൊടുക്കുന്നതും, അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും, നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതുമാണ് യഥാർത്ഥ നോമ്പിന്റെ പ്രതിഫലനമെന്ന യെശയ്യാ പ്രവാചകന്റെ ദർശനങ്ങൾ യാഥാർത്ഥ്യമാക്കുവാൻ ഈ നോമ്പുകാലം നമുക്ക് വിനിയോഗിക്കാം (യെശയ്യാ 58:7).

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2022 ഫെബ്രുവരി മാസം 2-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

സ്നേഹത്തിന്റെ സ്വാതന്ത്ര്യം

ഒരു മഹാ രഹസ്യം


യാഥാർത്ഥ്യത്തിന്റെ ഹൃദയസ്ഥാനത്ത് ഒരു മഹാ രഹസ്യമായി, പരിശുദ്ധാത്മാവിലുള്ള സർഗ്ഗാത്മക സ്വാതന്ത്ര്യത്തോടൊപ്പം എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന സ്നേഹം. ഒരു മനുഷ്യന്റെ ദർശനം. ഒരു ആദ്ധ്യാത്മിക ആത്മകഥ

പൗലോസ് മാർ ഗ്രീഗോറിയോസ്

വിവർത്തനം: എം. കുര്യൻ

അസ്വസ്ഥതകൾ വളരുന്നു

കുറെക്കാലമായി അസ്വസ്ഥതകൾ വർദ്ധിക്കുകയാണ്. സ്ഥലത്തെ ഹൈസ്കൂളിൽ പ്രാഥമികക്ലാസ്സുകളിൽ പഠിപ്പിച്ചിരുന്ന പിതാവിന് പ്രമോഷനും സ്ഥലംമാറ്റത്തിനും സമയമായി. വീട്ടിൽ നിന്നു വളരെ ദൂരത്തിലുള്ള ഒരു ഗ്രാമത്തിലെ പ്രൈമറി സ്കൂളിൽ ഹെഡ്മാസ്റ്ററായാണു നിയമനം ലഭിച്ചത്. ഒരൊറ്റ ബസ്സിൽ കയറിയാൽ അവിടെ എത്താമായിരുന്നുവെങ്കിൽ പിതാവിന് വീട്ടിൽ താമസിച്ചുകൊണ്ട് ജോലിക്കു പോയി വരാമായിരുന്നു - ബസ്സ് ചാർജ് കൊടുക്കണമെന്നിരുന്നാലും. അന്ന് പിതാവ് ജോലിചെയ്തിരുന്ന സ്ഥലങ്ങളുടെ പേരുകൾ എന്റെ ഓർമ്മയിൽനിന്നു നഷ്ടപ്പെട്ടു. ഒരെണ്ണം തൂശം എന്ന സ്ഥലത്തെ ഒരു മലയാളം സ്കൂളായിരുന്നു. അത് എവിടെയാണെന്ന് ഇന്നുമെനിക്കറിയില്ല. പിതാവ് ജോലിചെയ്ത സ്ഥലങ്ങളിൽ ചെന്നെത്തണമെങ്കിൽ അര ദിവസം യാത്ര ചെയ്യണം. ചിലയിടത്ത് കടത്ത് കടക്കണം. പലപ്പോഴും അവിടെ വള്ളക്കാരനുണ്ടാവില്ല. കടത്ത് അപകടസാധ്യതയുള്ളതാവാം. ചുരുക്കത്തിൽ, തിങ്കളാഴ്ച അതിരാവിലെ വീട്ടിൽ നിന്നിറങ്ങിയാൽ വെള്ളിയാഴ്ച രാത്രി വൈകിയാണു വീട്ടിൽ തിരിച്ചെത്താൻ കഴിയുക. ഓലമേഞ്ഞ ഏതെങ്കിലും വാടകക്കുടിലിലാവും ഈ ദിവസങ്ങളിൽ അദ്ദേഹം കഴിച്ചുകൂട്ടുക. വർഷകാലത്ത് കടത്തുകൾ അപകടപൂർണ്ണമാണ്. താൻ സുരക്ഷിതനായി വിദ്യാലയത്തിൽ എത്തിച്ചേർന്ന വിവരം വീട്ടിൽ അറിയിക്കാനൊരു മാർഗ്ഗവുമില്ല. ഈ സ്ഥിതി അമ്മയിൽ സംഘർഷം വളർത്തി. ഞങ്ങൾ അഞ്ച് ആൺമക്കളും ആ സംഘർഷത്തിൽ പങ്കുചേർന്നു.



ഞങ്ങളുടെ ഭവനത്തിലെ ദാരിദ്ര്യവും കുടുംബത്തിലെ സംഘർഷത്തിന് ആക്കംകൂട്ടി. അടുത്തുള്ള മിക്ക വീട്ടുകാരും എന്റെ മാതാപിതാക്കളെ ഭാഗ്യവാന്മാരായി എണ്ണി, കുറച്ചൊന്ന് അസൂയപ്പെടുകയും ചെയ്തു. അവർക്ക് അഞ്ചു പുത്രന്മാരാണ്. സാമാന്യം മിടുക്കന്മാർ. ഭാവിയിൽ അവർ നല്ല ജോലി സമ്പാദിക്കുമെന്നുവേണം പ്രതീക്ഷിക്കുവാൻ. പെൺമക്കളാരുമില്ല. ആ സമൂഹത്തിൽ പുത്രന്മാർ ധനവും പുത്രിമാർ ബാദ്ധ്യതയുമായിരുന്നു. പുത്രന്മാർ കുടുംബത്തിനു വരുമാനമുണ്ടാക്കുമെന്നു മാത്രമല്ല സ്ത്രീധനം വീട്ടിലേക്ക് കൊണ്ടുവരുവാൻ ഇടയാക്കുകയും ചെയ്യും. പുത്രിമാർ വരുമാനമുണ്ടാക്കിയാൽ തന്നെ ഭർത്താവിന്റെ കുടുംബത്തിനു മാത്രമേ പ്രയോജനപ്പെടൂ. നല്ല സ്ത്രീധനം നല്കി അവരെ വിവാഹം ചെയ്തയയ്ക്കുകയും വേണം. ഇത് സ്വാഭാവികമായി കുടുംബത്തിന്റെ സ്വത്തിൽ കുറവ് വരുത്തുമല്ലോ. അക്കാലത്തുപോലും മനുഷ്യമൂല്യം സാമ്പത്തികപരിഗണനയിലാണു അളന്നുതിട്ടപ്പെടുത്തിപ്പോന്നത്.

1930-കളിൽ 28 രൂപ ശമ്പളം കിട്ടുന്ന പിതാവിന്റെ വരുമാനംകൊണ്ട് ഏഴു പേരുടെ ആവശ്യങ്ങൾ നിർവ്വഹിക്കണമെന്നത് ബുദ്ധിമുട്ടായിരുന്നു. പെൺകുട്ടികളെ കെട്ടിച്ചയയ്ക്കുന്നതിനെപ്പറ്റി ക്ലേശിക്കേണ്ടതില്ലെങ്കിലും, ഇതൊരു വലിയ ഭാരമായിരുന്നു. പുറമേ നിന്നുള്ള വരുമാനം ഞങ്ങളുടെ അരയേക്കർ പാടത്തു നിന്നു വർഷത്തിൽ രണ്ടു തവണ കൃഷി ചെയ്തു കിട്ടുന്ന നെല്ലും, മാസംതോറും കിട്ടുന്ന ഏതാനും തേങ്ങയും മാത്രമാണ്. കുട്ടികൾ വളർന്നു. മൂത്തയാളെ കോളജിൽ ചേർത്തു. അതോടെ ഭാരം ദുർവഹമായി. ആവശ്യത്തിനു ഭക്ഷണമുണ്ടാവില്ല, പുതിയ വസ്ത്രങ്ങൾ വാങ്ങലുണ്ടാവില്ല, അതിഥി സൽക്കാരം പഴയപടി നടപ്പില്ല.


പിതാവ് എങ്ങനെയോ തൊട്ടടുത്തുള്ള ഒരു ചെറിയ കെട്ടിടം വാങ്ങിച്ചു. അത് വാടകയ്ക്കുകൊടുത്താൽ വരുമാനം അല്പം കൂടുമെന്നായിരുന്നു കണക്കുകൂട്ടൽ. പ്രതിമാസവാടക രണ്ടര രൂപയായിരുന്നുവെന്നാണ് എന്റെ ഓർമ്മ. ദേവദാസി സമൂഹത്തിൽനിന്നുള്ള ഒരു അർദ്ധകുറ്റവാളിക്കാണ് കെട്ടിടം വാടകയ്ക്കുകൊടുത്തത്. അയാൾ വാടക ക്രമമായി തന്നില്ലെന്നു മാത്രമല്ല, സ്വന്തം ഭാര്യയെയും കുട്ടികളെയും ഉപദ്രവിക്കുകയും, ഞങ്ങൾ പിടിച്ചുപറിക്കാരാണെന്ന് അമ്മയെയും ഞങ്ങളെയും ചീത്ത പറയുകയും ചെയ്തു. അയാളെ ഇറക്കിവിടുവാൻ ഒരു വഴിയും കണ്ടില്ല. ഇറങ്ങിപ്പോകാൻ അയാൾ തീർത്തും വിസമ്മതിച്ചു. അത് ഞങ്ങളുടെ ജീവിതത്തിലെ സംഘർഷം കൊടുമ്പിരിക്കൊള്ളുവാൻ ഇടയാക്കി-പിതാവ് സ്ഥലത്തില്ലാതിരുന്ന ദിവസങ്ങളിൽ പ്രത്യേകിച്ചും.

സംഘർഷത്തിന് മറ്റുകാരണങ്ങളും ഉണ്ടായിരുന്നിരിക്കാം - മാതാപിതാക്കൾ ഞങ്ങളെ അറിയിക്കാതെ കഴിച്ച കാരണങ്ങൾ. ഇതിനെല്ലാമിടയിൽ എന്റെ അമ്മ ദാനധർമ്മങ്ങളുടെയും സൗമനസ്യത്തിന്റെയും അനുകരണീയമായ നിദർശനമായി വർത്തിച്ചു. എന്തെങ്കിലും ആവശ്യവുമായി വരുന്നവരെ പരമാവധി സഹായിക്കാൻ അമ്മ സദാ തയ്യാറായിരുന്നു. ഭിക്ഷാടകരോടും അയൽപക്കങ്ങളിൽ രോഗികളായി കിടക്കുന്നവരോടും യാത്രക്കാരോടും നിരാലംബരോടും അമ്മയുടെ ആർദ്രമായ കാരുണ്യം ഞാൻ നന്നായി ഓർക്കുന്നു. ചന്തയിൽ വിൽക്കാൻ ഭാരിച്ച വൈക്കോൽ ചുമടും പച്ചക്കറികളുമായി വരുന്ന പാവപ്പെട്ട കർഷകരോട് അമ്മയ്ക്ക് പ്രത്യേകം കനിവ് തോന്നിയിരുന്നു.

ചന്ത ഞങ്ങളുടെ വീട്ടിൽനിന്ന് ഏതാനും വാര മാത്രം അകലെയാണ്. ചരക്കുകൾ വിറ്റുകഴിഞ്ഞശേഷം കർഷകർ സ്വന്തമായി കുറച്ചു കഞ്ഞി തയ്യാറാക്കി കഴിക്കാൻ ഞങ്ങളുടെ വീട്ടിൽ കയറും. ഒരു സംഭവം മനസ്സിൽ ഇന്നും പച്ചപിടിച്ചു നിൽക്കുന്നുണ്ട്. യാതൊരു ഔപചാരിക വിദ്യാഭ്യാസവും ലഭിച്ചിട്ടില്ലാത്ത ഒരു ക്രിസ്തീയ കർഷകൻ. പേര് എസ്തപ്പാനോസ് (സ്റ്റീഫൻ). പ്രായം അമ്പത് കഴിഞ്ഞിട്ടുണ്ടാവും. അഞ്ച്മൈൽ അകലെനിന്ന് തലച്ചുമടായി കൊണ്ടുവന്ന ഒരുകെട്ടു വൈക്കോൽ വിൽക്കാനെത്തിയതാണ്. അയാൾ പുതിയ ഒരു മൺകലം വാങ്ങി. അതിൽ ഒരുകപ്പ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അരി വേവിക്കണം. അതിനാണ് വീട്ടിൽ കയറിയത്. എന്റെ അമ്മ അടുപ്പും വിറകും കൊടുത്തു. അയാൾ ഞങ്ങളുടെ പിറകുവശത്തെ മുറ്റത്ത് അടുപ്പുകൂട്ടി അരിവേവിച്ചു. അത് ശരിയായി ആറിത്തണുക്കുന്നതിനുമുമ്പു തന്നെ, വിശപ്പിന്റെ ആധിക്യം കൊണ്ടാവാം, അമ്മ കൊടുത്ത ഒരു ചിരട്ടത്തവി ഉപയോഗിച്ച് ആവി പറക്കുന്ന കഞ്ഞി കോരി വായിലൊഴിക്കുന്നു. ഒരു കൊച്ചുകുട്ടിയായ ഞാൻ ഇത് കണ്ടുകൊണ്ട് നിൽക്കുകയാണ്. എനിക്ക് അത്ഭുതം തോന്നി. അയാൾക്ക് നന്നായി വിശക്കുന്നുണ്ടെന്ന് വ്യക്തം. കറിയോ ചമ്മന്തിയോ ഒന്നുമില്ലാതെ ചൂടുകഞ്ഞി വാരി വായിൽ ഒഴിക്കുന്നത് ഞാൻ വിസ്മയത്തോടെ നോക്കിനിന്നു. കഞ്ഞി ധൃതിയിൽ വിഴുങ്ങിക്കൊണ്ടിരിക്കുന്നതിനിടയിലെ അനുയോജ്യമായ ഒരു ഇടവേളയിൽ ഞാൻ ചോദിച്ചു: "എസ്തപ്പാനോസ് ചേട്ടാ, കറിയൊന്നുമില്ലാതെ ഈ കഞ്ഞി എങ്ങനെ കുടിക്കും?" അയാളുടെ മറുപടി ഇന്നും ഞാൻ ഓർമ്മിക്കുന്നു: "എന്റെ വയർ നിറയാൻമാത്രം കഞ്ഞി ഇതിലുണ്ട്. പിന്നെ കറിയെന്തിന്? എനിക്ക് നല്ല വിശപ്പുണ്ടുതാനും". അയാളുടെ വൈക്കോൽ കെട്ടിന് രണ്ടുരൂപയോ അതിൽ താഴെയോ വില കിട്ടിക്കാണും. അതിൽ നിന്നു കാൽ രൂപ കലത്തിനു കൊടുത്തു. അത് വീട്ടിൽ കൊണ്ടുപോയി ഭാര്യയെ ഏല്പിക്കാനുള്ളതാണ്. എട്ടിലൊന്നു രൂപയ്ക്ക് അരി വാങ്ങിച്ചു. ബാക്കി കാശുകൊണ്ടു വേണം അയാളുടെ കുടുംബം കുറെയേറെ ദിവസങ്ങൾ ചെലവു കഴിക്കുവാൻ. അക്കാലത്തെ പാവപ്പെട്ടവരുടെ ദയനീയസ്ഥിതിയാണിത്. കഠിനമായി അദ്ധ്വാനിക്കുക, ഉള്ളപ്പോൾ കഴിക്കുക, ഒന്നുമില്ലാത്തപ്പോഴും അഭിമാനം പുലർത്തി ജീവിക്കുക. സ്വന്തം ജീവിതത്തിൽ അസ്വസ്ഥതകളും പ്രയാസങ്ങളും ഉണ്ടായിട്ടും, അന്തസ്സ് കൈവിടാതെ ആവശ്യത്തിലുള്ളവരെ സഹായിച്ചതിന് എന്റെ അമ്മയിൽ എനിക്കഭിമാനം തോന്നി.



ഒരു കൊടുംവിപത്തിന്റെ ആഘാതം

രംഗം എനിക്ക് വ്യക്തമായി ഓർമ്മയില്ല. 1935-ൽ ആയിരിക്കണം. അന്നെനിക്ക് വയസ് പതിമൂന്ന്. അമ്മ പനിപിടിച്ചു കിടപ്പാണ്. പെട്ടെന്ന് അമ്മ പുതുതായി ഒരു ബലം കിട്ടിയതുപോലെ ചാടിയെഴുന്നേറ്റ് വീടിനു പുറത്തുപോയി ഗേറ്റ് തുറന്ന് വഴിയെ പോയവരോട് ഉച്ചത്തിൽ സംസാരിച്ചു തുടങ്ങി. ശരിയായ ബോധത്തോടെയല്ല സംസാരം. ഞാൻ ഭയത്തോടെ അത് കണ്ടുനിന്നു. എന്താണ് സംഭവിച്ചതെന്ന് എനിക്കു മനസ്സിലായില്ല. ആളുകൾ അമ്മയെ ബലംപ്രയോഗിച്ച് വീട്ടിനുള്ളിൽ കൊണ്ടുവന്നശേഷമാണ്, എന്റെ പ്രിയപ്പെട്ട അമ്മയ്ക്ക് സമനിലതെറ്റിയിരിക്കുന്നെന്ന് എനിക്ക് മനസ്സിലായത്. അമ്മ മനോരോഗിണിയായി, വിഷാദരോഗവും വിഭക്തചിത്തതയും (schizophrenic – മാനസികരോഗം) അമ്മയെ ബാധിച്ചു.

എന്റെ അമ്മയുടെ അപ്പോഴത്തെ പ്രവൃത്തികൾ വിശദമായി വിവരിക്കുവാൻ ഞാൻ അശക്തനാണ്. പിതാവിനും ഞങ്ങൾ അഞ്ച് ആൺമക്കൾക്കും ആ സ്ഥിതിഗതിയെ നേരിടുവാനുണ്ടായ കഴിവില്ലായ്മയെക്കുറിച്ചും വേദനയോടെയേ വിശദീകരിക്കാനാവൂ. എല്ലാത്തരം ചികിത്സാരീതികളും ചെയ്തുനോക്കി, പ്രധാനമായും ആയുർവേദം. എല്ലാം വിഫലം. രോഗം മൂർച്ഛിക്കുമ്പോൾ അമ്മ അക്രമാസക്തയാവും. അപ്പോൾ ആർക്കും അമ്മയെ നിയന്ത്രിക്കാനാവില്ല. പലപ്പോഴും ആരും കാണാതെ അമ്മ വീട്ടിൽനിന്ന് ഇറങ്ങിപ്പോകും. ദീർഘദൂരം നടക്കും. പല ദിവസങ്ങൾ അലഞ്ഞുനടന്നശേഷം തീർത്തും പരിക്ഷീണയായി മടങ്ങിവരും. ആ യാത്രയിലൊക്കെ അമ്മ എങ്ങനെ ഭക്ഷണം തേടി എന്ന് അറിഞ്ഞുകൂടാ. അമ്മ സ്വന്തം സഹോദരന്മാരുടെയും ബന്ധുജനങ്ങളുടെയും വീടുകളിൽ പോയിരിക്കണം. അതിനുശേഷം ഈ സന്ദർശനങ്ങളുടെ കഥകൾ ഞങ്ങളുടെ ചെവികളിലെത്തിക്കൊണ്ടിരുന്നു. ചില ദിവസങ്ങളിൽ തിരിച്ചുവരുമ്പോൾ വസ്ത്രങ്ങൾ മുഷിഞ്ഞിരുന്നു; വഴിയിൽ കിടന്നുറങ്ങിയതുപോലെ. പിതാവ് അമ്മയെ പലപ്പോഴും തല്ലിനോക്കി. മക്കളായ ഞങ്ങൾ നിസ്സഹായരായി നോക്കിനിന്നു; ചിലപ്പോൾ തടയാൻ ശ്രമിച്ചുനോക്കി.

ഞങ്ങൾ അഞ്ചു പുത്രന്മാരും അമ്മയെ അതിരറ്റു സ്നേഹിച്ചിരുന്നു. അതുകൊണ്ട് ഈ സ്ഥിതി ഞങ്ങൾക്ക് ദുസ്സഹമായി. കുടുംബജീവിതം പാടേ തകർന്നു. വീട്ടിൽ വേലക്കാരാരുമുണ്ടായിരുന്നില്ല. മിക്കപ്പോഴും കുട്ടികളായ ഞങ്ങൾ തന്നെയാണ് അത്യാവശ്യംവേണ്ട പാചകങ്ങൾ ചെയ്തിരുന്നത്. ചിലപ്പോൾ ഒന്നും കഴിക്കാതെയാവും സ്കൂളിൽ പോവുക. ആർജവത്വത്തിനും സ്വാതന്ത്ര്യബോധത്തിനും പേരുകേട്ട പിതാവ് പെട്ടെന്ന് വിഷണ്ണനും ശുണ്ഠിക്കാരനും മുൻകോപിയും ഗർവ്വിഷ്ഠനുമൊക്കെയായി മാറി. ഭവനത്തിൽ നിന്ന് ആഹ്ലാദം ഓടിയൊളിച്ചു. മ്ലാനത അന്തരീക്ഷത്തെ മൂടിനിന്നു.

രണ്ട് കാര്യങ്ങൾ എനിക്ക് അലോസരമുണ്ടാക്കി. ഒന്ന് അക്രമത്തിന്റേതായ അന്തരീക്ഷം, രണ്ട് സമൂഹത്തിന്റെ അവജ്ഞ.

അമ്മയുടെ കോപ്രായങ്ങൾ കണ്ട് രോഷാകുലനാകുമ്പോൾ പിതാവ് നിഷ്ഠൂരനായി മാറും. അദ്ദേഹം അമ്മയെ കഠിനമായി പ്രഹരിക്കും; വെറും കൈകൊണ്ടോ വടി ഉപയോഗിച്ചോ. അടി കൊള്ളുന്തോറും അമ്മ കൂടുതൽ ചീത്ത പറയാൻ തുടങ്ങും. ഇരുവരെയും സ്നേഹിച്ചിരുന്ന പുത്രന്മാരായ ഞങ്ങൾ വേദനയോടും നിരാശയോടും ഇതെല്ലാം നിസ്സഹായരായി നോക്കിനിൽക്കേണ്ടിവന്നു. ഈ കഷ്ടപ്പാടിന് ഒരു അറുതിയും കാണാനായില്ല. ഇന്ന് ഞാൻ ഇതൊക്കെ ഓർക്കുമ്പോൾ ദേഹമാസകലം ഞെട്ടുകയാണ്.

പെട്ടെന്ന് വികാരഭരിതനാകുന്ന ഒരു കൗമാരപ്രായക്കാരന് സാമൂഹ്യമായ അവജ്ഞ ദുർവഹമായി തോന്നി. പിതാവ് സ്ഥലത്തില്ലാത്ത ചില ദിവസങ്ങളിൽ അമ്മ വീടിന്റെ തെക്കുവശത്ത് റോഡിന്റെ അരികിലായുള്ള വരാന്തയിൽ പോയിനിന്ന് പലതരം ചാപല്യങ്ങൾ കാണിക്കുകയും ചപലഭാഷണം നടത്തുകയും ചെയ്യും. റോഡ് നിറയെ സ്കൂളിൽ പോകുന്ന കുട്ടികളുള്ള സമയത്താണിതധികവും. അവർ എന്റെ ക്ലാസ്സിൽ പഠിക്കുന്നവരും സ്കൂളിൽ പഠിക്കുന്നവരുമായിരുന്നതിനാൽ ഞാൻ ലജ്ജിച്ചു തലതാഴ്ത്തി.

ഒരു സംഭവം പ്രത്യേകിച്ചും വേദനാജനകമായി ഓർമ്മയിൽ തങ്ങുന്നു. 1937-ൽ സെക്കണ്ടറി സ്കൂൾ പബ്ലിക് പരീക്ഷയ്ക്കു ചേരാൻ ഞാൻ തയ്യാറെടുക്കുകയാണ്. അമ്മ രോഗാതുരയായിട്ട് രണ്ടു വർഷമായി. അക്രമാസക്തമായ ഒരു ഘട്ടത്തിലാണ് അമ്മ. അടുക്കളയിൽനിന്ന് സാധനങ്ങളൊക്കെ മാറ്റി അമ്മയെ ആ മുറിയിലിട്ടു പൂട്ടുവാൻ കുടുംബാംഗങ്ങൾ തീരുമാനിച്ചു. അമ്മ ഉച്ചത്തിൽ പ്രതിഷേധിക്കുന്നുണ്ട്. വാതിൽതുറന്ന് തന്നെ പുറത്തുവിടാൻ ഞങ്ങളോട് ആവർത്തിച്ച് ആവശ്യപ്പെടുന്നുമുണ്ട്. എനിക്ക് കഠിനമായ ദുഃഖം തോന്നി. പക്ഷേ കുടുംബാംഗങ്ങളുടെ കൂട്ടായ തീരുമാനത്തെ എനിക്ക് അനുസരിച്ചേ പറ്റൂ. ഞാൻ കരഞ്ഞു കണ്ണീരൊഴുക്കി. പബ്ലിക് പരീക്ഷ തുടങ്ങി. അമ്മയെ പൂട്ടിയിട്ടിരിക്കുന്ന അടുക്കളയുടെ പടിയിലിരുന്ന് ഞാൻ പഠിക്കുകയാണ്. ഇടയ്ക്കിടെ ഞാൻ പൊട്ടിക്കരയും. പരീക്ഷ തുടങ്ങുന്നതിനുമുമ്പ് സ്കൂളിൽ എത്തിച്ചേരത്തക്കവിധം ഞാൻ എഴുന്നേറ്റു പോകും. പലപ്പോഴും പ്രഭാതഭക്ഷണം ഉണ്ടാകാറില്ല; തയ്യാറാക്കാൻ വീട്ടിൽ ആരും ഇല്ലല്ലൊ. ഞങ്ങൾ പലപ്പോഴും വിശന്നിരുന്നു; ആരുംതന്നെ ഭക്ഷണം തയ്യാറാക്കുവാനുള്ള മാനസികാവസ്ഥയിലായിരുന്നില്ല.

എന്റെ ഏറ്റവും മൂത്ത സഹോദരനായ പൗലോസ് മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബി. എ. ഡിഗ്രി സമ്പാദിച്ചയുടൻ എല്ലാറ്റിൽനിന്നും രക്ഷപെടാൻ വേണ്ടി ബ്രിട്ടീഷ് ഇന്ത്യൻ നേവിയിൽ പെറ്റി ഓഫീസറായി ചേർന്നു. എന്റെ തൊട്ടുമൂത്ത സഹോദരനായ ചെറിയാൻ ഹൈസ്കൂൾ വിദ്യാഭ്യാസവും ടൈപ്പിംഗും ഷോർട്ട്ഹാന്റും പൂർത്തിയാക്കി എറണാകുളത്ത് ക്രിസ്ത്യൻ കമ്പനി എന്നപേരിലുള്ള ചെറിയൊരു സ്വകാര്യസ്ഥാപനത്തിൽ ജോലി സ്വീകരിച്ചു. സെന്റ് മേരീസ് പള്ളിക്കെട്ടിടത്തിലായിരുന്നു സ്ഥാപനം നടന്നിരുന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ ശമ്പളം മാസം പത്തുരൂപയായിരുന്നു.

ചെറിയാനു പള്ളിക്കെട്ടിടത്തിൽ താമസിക്കാം. അടുത്തുള്ള ഹോട്ടലിൽ നിന്ന് ഭക്ഷണവും കഴിക്കാം. ബാക്കിയുള്ള മൂന്നു കുട്ടികളിൽ മൂത്തവനായി ഞാൻ വീട്ടിൽ അവശേഷിച്ചു. സ്കൂളിൽ പോകുന്ന രണ്ട് അനുജന്മാരെ നോക്കേണ്ട ചുമതല എന്റെ തലയിലായി.

ഞങ്ങളുടെ ദയനീയസ്ഥിതി ഊഹിക്കാവുന്നതേയുള്ളൂ. ആശ്വസിപ്പിക്കാൻ

ആരുമില്ല. നിശബ്ദം കേഴുവാൻ മാത്രമേ സാധിക്കുമായിരുന്നുള്ളു. ഇടയ്ക്കിടയ്ക്ക് ഔദ്യോഗിക ചടങ്ങുകളും പൊതുസമ്മേളനങ്ങളും, പത്രങ്ങൾക്കുവേണ്ടി റിപ്പോർട്ട് ചെയ്യുവാനായി വീടിനു പുറത്തുപോകുന്ന അവസരങ്ങൾ താല്ക്കാലികമായ ഒരു ആശ്വാസം നൽകി.

ഡോ. ജെക്കിളും മി. ഹൈഡും


സ്കൂൾ വിട്ടശേഷം ഞാൻ വായനയിൽ മുഴുകി. ആദ്യമേ അധികം വായനയും അപസർപ്പകനോവലുകളായിരുന്നു. ഗ്രന്ഥങ്ങൾ കിട്ടുന്ന മുറയ്ക്ക് ഗൗരവമുള്ള ഇംഗ്ലീഷ് സാഹിത്യകൃതികളും വായിച്ചു. "ഡോ. ജെക്കിൾ ആന്റ് മി. ഹൈഡ്" എന്നതാണ് വായിച്ച ഒരു ഗ്രന്ഥം. പ്രസ്തുത ഗ്രന്ഥം എന്നെ വല്ലാതെ ആകർഷിച്ചു. വ്യക്തിത്വം വിഭജിച്ച ഒരു മനുഷ്യന്റെ (പണ്ഡിതനും ശാസ്ത്രജ്ഞനും) കഥയാണത്. ഡോ. ജെക്കിൾ എന്ന ഉത്തമനായ മനുഷ്യൻ ഇടയ്ക്കിടയ്ക്ക്, മുന്നറിയിപ്പൊന്നുമില്ലാതെ, മി. ഹൈഡ് എന്ന ഭീകരമനുഷ്യനായി രൂപാന്തരപ്പെടുന്നു. ആ ഘട്ടത്തിൽ അയാൾ ചെയ്യാത്ത കൊള്ളരുതായ്മകളില്ല.

എന്റെ തന്നെ സ്വഭാവത്തിലെ അബോധപൂർവ്വമായ ഒരു വശത്തെ ആ ഗ്രന്ഥം സ്പർശിച്ചു കാണണം. എന്നിൽ കുറെയേറെ നന്മകളുണ്ടായിരുന്നു. അതോടൊപ്പംതന്നെ അതിനടിയിലായി ഒട്ടേറെ ദുഷ്ടത അമർന്നുകിടക്കുന്നതായി എനിക്കറിയാം. ആധിപത്യത്തോടും അധികാരത്തോടുമുള്ള സ്നേഹത്തിൽനിന്നോ അഭിനന്ദനത്തിനും മുഖസ്തുതിക്കുമുള്ള ആഗ്രഹത്തിൽനിന്നോ ഉൽക്കർഷാഭിവാഞ്ഛയെ മിക്കപ്പോഴും തിരിച്ചറിയാനാവില്ല. സ്നേഹവാത്സല്യങ്ങൾക്കുള്ള അഭിലാഷം പലപ്പോഴും മഹത്വത്തിനും ആദരവിനുമുള്ള അന്വേഷണത്തിന്റെ രൂപം അവലംബിക്കും. ചെറുപ്പക്കാരനായ ഒരു എഴുത്തുകാരനെ തേടിയെത്തുന്ന പുകഴ്ച്ചയ്ക്കും അഭിനന്ദനത്തിനുമുള്ള ആസക്തി എന്നിൽ വളർന്നു. ലേഖനത്തോടൊപ്പം എന്റെ പേര് അച്ചടിച്ച് കാണുന്നതിൽ ഞാൻ ആഹ്ലാദിച്ചു. പത്രങ്ങളിൽ എന്റെ റിപ്പോർട്ടുകൾ അച്ചടിച്ചുവരുമ്പോൾ ഞാൻ മതിമറന്ന് സന്തോഷിച്ചു. ഞാനവ മിക്കപ്പോഴും സുഹൃത്തുക്കളെ കാണിച്ചു. പ്രശംസ ഞാൻ ഇഷ്ടപ്പെട്ടു. പക്ഷേ സ്നേഹിക്കപ്പെടുവാൻ എനിക്കു ഭയമായിരുന്നു. സ്നേഹം പിൻവലിക്കപ്പെട്ടാലെന്തു സംഭവിക്കുമെന്ന ആശങ്കയായിരുന്നു അതിനു നിദാനം. ഒരിക്കൽ എന്റെ അമ്മ എന്നെ അത്യധികം സ്നേഹിച്ചിരുന്നു. അമ്മയുടെ രോഗം മൂലം ആ സ്നേഹം എനിക്കു നഷ്ടപ്പെട്ടപ്പോൾ അതെന്നെ വേദനിപ്പിച്ചു. അതിൽനിന്ന് എനിക്കു മോചനം കിട്ടിയില്ല. എന്റെ വ്യക്തിത്വം ദ്വന്ദ്വഭാവങ്ങളുള്ളതും ഉദ്ഗ്രഥനാതീതവുമായിരുന്നുവെന്നു വ്യക്തം.


ഈ പ്രതിസന്ധിയിൽ ഒരു മോചനം കിട്ടുമെന്നു കരുതിയോ എന്തോ "ഡോ. ജെക്കിളും മി. ഹൈഡും" എന്ന ഗ്രന്ഥം ഞാൻ മലയാളത്തിലേക്കു തർജ്ജമ ചെയ്യാൻ തുടങ്ങി. നൂറുപേജുള്ള ഒരു നോട്ടുബുക്കിൽ തർജമ പൂർത്തിയാക്കി. പക്ഷേ അത് പ്രസാധകനെ തേടുകയുണ്ടായില്ല.

ഒരു യുവറിപ്പോർട്ടറുടെ സാഹസങ്ങൾ

നാടകീയമായ എന്റെ റിപ്പോർട്ടിംഗ് ശൈലി ഒരിക്കൽ എന്നെ വല്ലാത്ത കുഴപ്പത്തിൽ ചാടിച്ചു. വയലാറൻ ശൗരി എന്നൊരു കുപ്രസിദ്ധനായ തട്ടിപ്പുകാരനെ പിടികൂടിയതാണു സംഭവം. ശൗരി സുമുഖനും സുന്ദരനുമായിരുന്നു. ആവശ്യമുള്ളപ്പോൾ ആകർഷകമാം വിധം വസ്ത്രധാരണം ചെയ്താണു നടപ്പ്. നല്ല ഉയരം. ഗാംഭീര്യമിയന്ന ഭാവം. അയാളുടെ വീരകൃത്യങ്ങൾ സംബന്ധിച്ചു പല കഥകളും പ്രചരിച്ചിരുന്നു. പോലീസിനു പിടികൊടുക്കാതെ രക്ഷപെടുന്നതാണു മിക്കതും. കൊച്ചീക്കായലിൽ ഒരു ചെറിയ ദ്വീപിൽ സ്വയം നിർമ്മിച്ച ഒരു കൊച്ചുകുടിലിൽ അയാൾ തനിയെ പാർക്കുന്നതായി പോലീസിനു വിവരംകിട്ടി. 50 അടി മാത്രം വ്യാസമുള്ള ആ ദ്വീപിലെ ഏകതാമസക്കാരനാണയാൾ.



കൊച്ചി സംസ്ഥാനപോലീസിലെ



അഞ്ചോ ആറോ പേരുള്ള ഒരു സംഘം ഒരു പ്രഭാതത്തിൽ ഒരു ചെറിയ തോണിയിൽ ഈ കൊച്ചുദ്വീപിലിറങ്ങി. അവർ കുടിലിനെ വളഞ്ഞു. ശൗരി കുടിലിനകത്തുണ്ട്. പക്ഷേ പോലീസുകാർക്കു കാണാൻ വയ്യ. അവർ അട്ടഹസിച്ചു: "ശൗരീ, നീ പിടിക്കപ്പെട്ടിരിക്കുന്നു. പുറത്ത് വന്ന് അറസ്റ്റ് വരിക്കുക". "യജമാനന്മാരേ", ശൗരി കുടിലിനകത്തുനിന്നു വിളിച്ചുപറഞ്ഞു: "എനിക്ക് ഒരു നിമിഷം സമയം തന്നാലും. ഞാൻ അല്പം കഞ്ഞി കുടിക്കുകയാണ്. ഇന്നലെ മുതൽ ഞാൻ യാതൊന്നും കഴിച്ചിട്ടില്ല, ഞാൻ എന്റെ പ്രാതൽ കഴിച്ചോട്ടെ. അതുകഴിഞ്ഞു ഞാൻ പുറത്തു വരാം."

പോലീസ് ഓഫീസർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "ശൗരി, ധൃതി വേണ്ട. സാവകാശം കഞ്ഞികുടിച്ചോളൂ. പക്ഷേ നിന്റെ വേലത്തരം ഒന്നും എടുത്തേക്കരുത്. നിനക്ക് രക്ഷപെടാൻ ഇത്തവണ ഒരു പഴുതുമില്ല. ഞങ്ങൾ പൂർണ്ണമായും നിന്നെ വളഞ്ഞുകഴിഞ്ഞു".

"അങ്ങനെ തന്നെ, എനിക്ക് ഒരു മിനിട്ടേ വേണ്ടൂ." ശൗരി ദുഃഖശബ്ദത്തിൽ അകത്തുനിന്നു പറഞ്ഞു.

ഒരു നിമിഷത്തിനകം ശൗരി പുറത്തുവരികതന്നെ ചെയ്തു. പക്ഷേ അയാളുടെ ധാർഷ്ട്യം പോലീസിനെ അമ്പരപ്പിച്ചു. ശൗരി വിനയപൂർവ്വം കീഴടങ്ങുമെന്നാണ് അവർ പ്രതീക്ഷിച്ചത്. ശാന്തമായി കൈവിലങ്ങണിയിക്കുന്ന നടപടിയേ വേണ്ടിവരൂ എന്നവർ ചിന്തിച്ചു. പക്ഷേ, ഭീകരനായിട്ടാണ് ശൗരി കുടിലിനു വെളിയിലിറങ്ങിയത്. ഒമ്പതിഞ്ചുവരുന്ന മൂർച്ചയേറിയ ഒരു കഠാര കൈയിൽ ചുഴറ്റിക്കൊണ്ടാണ് വരവ്. അയാൾ ആക്രോശിച്ചു: "നിങ്ങളുടെ തലകൾ അരിഞ്ഞുകളയും ഞാൻ". തന്റെ ഇടതുകരത്തിലെ നടുവിരലിൽനിന്ന് ഒരിഞ്ചുവരുന്ന ദശ ഛേദിച്ചുകളഞ്ഞുകൊണ്ട് അയാൾ അലറി: "ഇങ്ങനെ ചെയ്തുകളയും ഞാൻ".

ശൗരിയുടെ കഠാരയിൽനിന്ന് ചോര ഇറ്റിറ്റു വീഴുന്ന വിരൽഭാഗം കായൽ വെള്ളത്തിൽ പറന്നുവീണു. പോലീസുകാർ അമ്പരന്നു. അവർ ഇതികർത്തവ്യതാമൂഢരായി നിന്നു. അര നിമിഷത്തിനുള്ളിൽ ശൗരി വെള്ളത്തിൽചാടി അതിവേഗം നീന്തി. ഇടയ്ക്ക് നീർക്കാംകുഴിയിടാനും തുടങ്ങി. അലക്കിത്തേച്ച യൂണിഫോം അണിഞ്ഞിരുന്ന പോലീസുകാർ വെള്ളത്തിൽ ചാടാൻ ഒരുമ്പെട്ടില്ല. അവർ തോണിയിൽ കയറി. ക്രോധാവിഷ്ടരായ പോലീസുകാർ ഉഗ്രവേഗത്തിൽ തുഴയാനാരംഭിച്ചു – ശൗരിപോയിയെന്ന് അവർ സംശയിച്ച മാർഗ്ഗത്തിൽ. അപ്രതീക്ഷിതമായി ശൗരി വെള്ളത്തിനടിയിൽനിന്നു പൊങ്ങി, പിന്നിൽനിന്ന് വള്ളം മറിച്ചിട്ടു. പോലീസുകാരിൽ ആരുംതന്നെ നല്ലപോലെ നീന്തലറിയാവുന്നവരായിരുന്നില്ല. എങ്ങനെയും വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ അവർ ഭ്രാന്തമായി പാടുപെട്ടു. ഇതിനിടയിൽ ശൗരി എവിടെയോ രക്ഷപ്പെട്ടു.

കൊച്ചിപ്രദേശത്ത് ഈ കഥ അങ്ങാടിപ്പാട്ടായിരുന്നു. കാരണം ആ പോലീസുകാർ തന്നെയാണ് അതു തങ്ങളുടെ സുഹൃത്തുക്കളോട് ആഖ്യാനം ചെയ്തത്. അങ്ങനെ കഥയ്ക്കു പെട്ടെന്ന് പ്രചാരംകിട്ടി. പത്രങ്ങൾ കഥയുടെ ഒരു

ലഘുസംഗ്രഹം മാത്രമേ പ്രസിദ്ധീകരിച്ചുള്ളൂ. പോലീസുകാരുടെ ചാതുര്യക്കുറവിന്റെയും കഴിവില്ലായ്മയുടെയും കഥ പുറത്താക്കി അവരെ അപമാനിക്കേണ്ടെന്ന് പത്രങ്ങൾ നിശ്ചയിച്ചു. ശൗരി പൊതുജനദൃഷ്ടിയിൽ ഇതിഹാസ പുരുഷനായി മാറി.


അവസാനം ശൗരിയെ പിടികൂടിക്കഴിഞ്ഞപ്പോൾ – അതും ഒരു സ്ത്രീയുടെ കരങ്ങളാൽ – അതു വലിയ വാർത്തയായി. എന്റെ പത്രപ്രവർത്തകസുഹൃത്തുക്കളിൽ നിന്നും മറ്റു സുഹൃത്തുക്കളിൽനിന്നുമാണ് എനിക്ക് ആ കഥ കിട്ടിയത്. ഇന്നാണെങ്കിൽ ആ റിപ്പോർട്ട് മലബാർ മെയിലിൽ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് വളരെയധികം സൂക്ഷ്മാന്വേഷണങ്ങൾ ഞാൻ നടത്തേണ്ടിവരുമായിരുന്നു. വരിക്കാർ വളരെ കൂടുതലുള്ളതും ആദരപൂർവ്വം ആളുകൾ പരിഗണിക്കുന്നതുമായ മലയാള മനോരമ ആ റിപ്പോർട്ട് മലബാർ മെയിലിൽ നിന്ന് ഒന്നാം പേജിൽ രണ്ടുകോളം ശീർഷകത്തോടെ ഉദ്ധരിച്ചു: "പെൺപിള്ള സിംഹം" എന്നായിരുന്നു ശീർഷകം.

ആ കഥ ഇങ്ങനെ സംഗ്രഹിക്കാം. ഞങ്ങളുടെ അയൽസംസ്ഥാനമായിരുന്ന തിരുവിതാംകൂറിലെ ഒരു റബ്ബർകർഷകൻ റബ്ബർഷീറ്റ് വിൽക്കാൻ കോട്ടയത്തിനു പോയി. തിരികെ വരുമ്പോൾ ഇരുട്ടി. കൈയിലുള്ള സഞ്ചിയിൽ റബ്ബർ വിറ്റ രൂപയുണ്ട്. ബസ്സിറങ്ങി വീട്ടിലേക്കു നടക്കുമ്പോൾ മാന്യമായി വസ്ത്രം ധരിച്ച ഗാംഭീര്യമിയന്ന ഒരു യാത്രക്കാരൻ കർഷകന്റെ ഒപ്പമെത്തി. ഒരേ ദിശയിലേക്കായിരുന്നു യാത്ര. അവർ സംഭാഷണമാരംഭിച്ചു. യാത്രക്കാരൻ കർഷകനിൽ വലിയ മതിപ്പുളവാക്കി. വീടടുക്കാറായപ്പോൾ, റബ്ബർ കർഷകൻ അപരന്റെ പേരും വീട്ടുപേരുമെല്ലാം ചോദിച്ചു. അതു ശൗരിയായിരുന്നു. പക്ഷേ റബ്ബർ കർഷകന് തൃപ്തികരമായി തോന്നിയവിധത്തിൽ അയാൾ മറുപടി നല്കി. മറ്റൊരു ടൗണിൽ സുഹൃത്തുക്കളെ കാണാൻ പോയതാണെന്നും നടന്നുനടന്ന് സമയം വൈകിയതറിഞ്ഞില്ലെന്നും തന്റെ സ്ഥലത്തേക്കുള്ള അവസാനബസ്സും പോയിക്കഴിഞ്ഞെന്നും അയാൾ പറഞ്ഞു. തന്റെ വീട്ടിൽ രാപാർക്കാൻ അപരനെ റബ്ബർ കർഷകൻ ക്ഷണിച്ചു. നേരംവെളുത്തു യാത്ര തുടരുകയാണു നല്ലതെന്നു പറയുകയും ചെയ്തു. "നിങ്ങളെ ബുദ്ധിമുട്ടിക്കുന്നതിൽ ഖേദമുണ്ട്" തുടങ്ങിയ മുട്ടുശാന്തികൾ ഉരുക്കഴിച്ചെങ്കിലും, ശൗരി ക്ഷണം സ്വീകരിച്ചു.

അങ്ങനെ അവർ സമ്പന്നമായ കർഷകകുടുംബത്തിലെത്തി, കുളിച്ചു, കുശാലായി ആഹാരം കഴിച്ചു. ആ സമയത്ത് ഒരു സന്ദേശവാഹകൻ അവിടെയെത്തി കർഷകന്റെ ഒരാത്മസുഹൃത്ത് പെട്ടെന്ന് മരിച്ചതായി അറിയിച്ചു. കർഷകന് വിലാപഭവനത്തിലേക്ക് ആഗതന്റെ കൂടെ ഉടനെ പോകേണ്ടിയിരുന്നു. അയാൾ പുറത്തെ വരാന്തയിൽ അതിഥിക്കു കിടക്കവിരിച്ചുകൊടുത്തു. സ്വന്തം ഭാര്യയേയും വേലക്കാരികളെയും തനിയെവിട്ടിട്ട് മരണവീട്ടിലേക്കു തിരിച്ചു. പിറ്റേദിവസം കഴിയുന്നത്ര നേരത്തെ മടങ്ങിയെത്താമെന്ന് ഭാര്യയ്ക്ക് ഉറപ്പും നല്കി.

ശൗരി വരാന്തയിൽ കിടന്നു. വീടിന്റെ കതകുകൾ അകത്തുനിന്ന് അടച്ചു. വെളുപ്പിന് ശൗരി ഉണർന്ന് ബഹളംവച്ചു. പാമ്പുകടിച്ചുവെന്ന് വിളിച്ചുകൂകി. യാതൊന്നും സംശയിക്കാതെ ഗൃഹനായിക സംഭവം എന്താണെന്നറിയാൻ വാതിൽ തുറന്നു. ശൗരി ഉടൻ വീടിനകത്തു ചാടിക്കയറി. ഭീകരമായ തന്റെ കഠാരചുഴറ്റിക്കൊണ്ടു ഭീഷണി മുഴക്കി: "വിലപിടിപ്പുള്ള ആഭരണങ്ങളും പണവും സൂക്ഷിച്ചിട്ടുള്ള നിലവറയുടെ താക്കോൽ തരൂ. അല്ലെങ്കിൽ നിന്നെ കൊന്നുകളയും." ഗൃഹനായിക നിശബ്ദയായി കിടപ്പുമുറിയിലേക്കു നടന്നു. അക്രമിയും പുറകെയുണ്ട്. അവൾ താക്കോലുമായി പുറത്തുവന്നു. ഒരക്ഷരം ഉരിയാടാതെ അവൾ നിശബ്ദം നടന്നു. നിലവറയുടെ വാതിൽ തുറന്നു. ശൗരി അതിനകത്തു കയറിയയുടൻ അവൾ ഉള്ളറയുടെ വാതിൽ പുറത്തുനിന്നു പൂട്ടി അയാളെ തടങ്കലിലാക്കി. ശൗരി സഹായത്തിനായി വിളിച്ചു കൂകി, അട്ടഹസിച്ചു.

ഗൃഹനായിക ആ പുലർകാലവേളയിൽ നല്ല തന്റേടത്തോടെ വീടിനു പുറത്തിറങ്ങി – സഹായത്തിന് ആളെ വിളിക്കാൻ. അവരുടെ പറമ്പിന്റെ മൂലയിൽ കുടിൽകെട്ടി താമസിച്ചിരുന്ന, ആ കുടുംബത്തോട് കൂറുള്ള ഒരു പുലയൻ ശൗരിയെ പിടിച്ചുകെട്ടാൻ മനസ്സുവച്ചു. തനിക്ക് എന്തെങ്കിലും സംഭവിച്ചാൽ ഗൃഹനായികയുടെ കുടുംബം അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊള്ളാമെന്ന വ്യവസ്ഥയിൽ. ഇതിനിടയിൽ പലരും പുലയനെ സഹായിക്കാൻ വന്നുകൂടി. അന്നവിടെയെങ്ങും ടെലിഫോൺ ഇല്ലായിരുന്നതിനാൽ പോലീസിന് ആളയക്കേണ്ടിവന്നു. പോലീസുകാർ വന്നെത്തിയപ്പോഴേക്കും പുലയനും മറ്റുള്ളവരും ചേർന്ന്, നിലവറയുടെ പൂട്ടുതുറന്ന്, ശൗരിയെ കീഴടക്കി കയറുകൊണ്ടു ഭദ്രമായി ബന്ധിച്ചുകഴിഞ്ഞിരുന്നു.



ഏതാണ്ടിത്രയുമായിരുന്നു എന്റെ റിപ്പോർട്ടിന്റെ സംഗ്രഹം. വിശ്വസനീയമായ വൃത്തങ്ങളെ അടിസ്ഥാനമാക്കിയാണ് ഞാനിതു തയ്യാറാക്കിയത്. റിപ്പോർട്ട് ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഉദ്വേഗജനകവും പൊതുജനശ്രദ്ധയെ പിടിച്ചടക്കുന്നതുമായി. എല്ലാവരുംതന്നെ ശൗരിയെപ്പറ്റിയും അയാളുടെ വിക്രിയകളെപ്പറ്റിയും അറിഞ്ഞിരുന്നു. മറ്റു റിപ്പോർട്ടർമാർ എന്തുകൊണ്ട് ഈ കഥ സ്വയമായി തെരക്കിപ്പിടിച്ച് അവരവരുടെ പത്രങ്ങളിൽ കൊടുത്തില്ല എന്ന ചോദ്യം എന്നോടുതന്നെ ചോദിക്കാനുള്ള മിടുക്ക് എനിക്കില്ലാതെ പോയി. നേരത്തെ എന്റെ സ്വന്തം സംസ്ഥാനമായ കൊച്ചിയിലെ പോലീസ് ശൗരിയെ പിടിക്കാൻ നടത്തിയ ശ്രമവും അവർക്കു നേരിട്ട പരാജയവും സംബന്ധിച്ച വിശദവിവരങ്ങൾ ഞാൻ റിപ്പോർട്ടു ചെയ്തിരുന്നില്ല. പോലീസല്ല ഒരു സാധാരണക്കാരിയായ, സമർത്ഥയായ ക്രിസ്ത്യൻ ഗൃഹനായികതന്നെ ശൗരിയെ പിടികൂടിയ കാര്യമാണു ഞാൻ റിപ്പോർട്ടു ചെയ്തത്. ഈ സംഭവം നടന്നത് എന്റെ അയൽസംസ്ഥാനമായ തിരുവിതാംകൂറിലെ മഹാരാജാവിന്റെ ഭരണസീമയിൽപ്പെട്ട സ്ഥലത്താണ്. അവിടത്തെ പോലീസ് അഴിമതിക്കു കുപ്രസിദ്ധമായിരുന്നു. അന്നു തിരുവിതാംകൂർ യഥാർത്ഥത്തിൽ ഭരിച്ചിരുന്നത് പണ്ഡിതനായ ദിവാൻ സർ സി. പി. രാമസ്വാമി അയ്യരാണ്. സംസ്ഥാനത്തെ ജനങ്ങളിൽ 40 ശതമാനത്തോളം വരുന്ന ക്രിസ്തീയ സമൂഹത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ ശക്തി പാടേ നശിപ്പിക്കാൻ അദ്ദേഹം ബദ്ധകങ്കണനായി. ഈ ലക്ഷ്യത്തോടുകൂടി അദ്ദേഹം ജർമ്മനിയിൽ യഹൂദന്മാർക്കെതിരായി ഹിറ്റ്ലർ പ്രയോഗിച്ച ചില പ്രവർത്തനസമ്പ്രദായങ്ങൾ ഇവിടെയും അനുവർത്തിച്ചു. പോലീസിനെ പ്രധാനമായും ഉപയോഗിച്ചാണ് സർ സി. പി. കരുക്കൾ നീക്കിയത്.

ശൗരിയെ പിടികൂടിയ വാർത്ത റിപ്പോർട്ട് ചെയ്തശേഷം ഞാൻ അത് സംബന്ധിച്ച അന്വേഷണം തുടരണമായിരുന്നു. പ്രത്യേകാന്വേഷണത്തിനുള്ള വിഭവസൗകര്യമില്ലായ്കയാൽ ഞാൻ ഒന്നും ചെയ്തില്ല. കൗമാരപ്രായക്കാരനായ ഒരു റിപ്പോർട്ടർ തിരുവിതാംകൂർ പോലീസുമായി കോർക്കുന്നത് അപകടകരമായിരുന്നു. പ്രതി മുമ്പ് നടത്തിയ മോഷണങ്ങളിലെ തൊണ്ടിസാധനങ്ങളധികവും പോലീസ് അയാളിൽനിന്ന് വീണ്ടെടുത്തുവെന്നും അതെല്ലാം അവർ പങ്കിട്ടുവെന്നും (വളരെയേറെ സ്വർണ്ണാഭരണങ്ങൾ ഇങ്ങനെ ശൗരിയിൽ നിന്ന് വീണ്ടെടുത്തുവെന്നാണ് ഞാൻ കേട്ടത്) അയാളെ പിടികൂടിയ വിവരം റിക്കാർഡിലാക്കാതെ അയാളെ സ്വതന്ത്രനായി വിട്ടയച്ചുവെന്നും അന്വേഷണം തുടർന്നിരുന്നുവെങ്കിൽ ഞാൻ മനസ്സിലാക്കിയേനെ.

ഞാൻ കുഴപ്പത്തിൽചാടിയെന്ന് ക്ഷണേന എനിക്കു മനസ്സിലായി. എന്റെ വാർത്തയുടെ സ്രോതസ്സ് തിരക്കി ആദ്യമേ എന്നെ ചോദ്യം ചെയ്യാൻ എത്തിയത് തിരുവിതാംകൂറിലെ ഒരു രഹസ്യപോലീസ് ഇൻസ്പെക്ടറാണ്. കേവലം ബാലനെപ്പോലെ തോന്നിയ എന്നെ കണ്ടിട്ട് അദ്ദേഹത്തിന് വിനോദം തോന്നിക്കാണണം. ദയാപുരസ്സരമാണ് അദ്ദേഹം വിവരങ്ങൾ തിരക്കിയത്. ഞാനാണ് റിപ്പോർട്ട് എഴുതിയതെന്ന വിവരം എവിടെനിന്നു കിട്ടിയെന്നു ഞാൻ ചോദിച്ചു. എന്റെ പത്രത്തിന്റെ തന്നെ എഡിറ്റോറിയൽ സ്റ്റാഫിൽ നിന്നാണെന്നായിരുന്നു മറുപടി. അവർക്കങ്ങനെ പറയാൻ കാര്യമില്ലായിരുന്നുവെന്നു ഞാൻ തിരിച്ചടിച്ചു. പക്ഷേ ഞാനായിരുന്നു റിപ്പോർട്ടറെന്ന വസ്തുത ഞാൻ നിഷേധിച്ചില്ല. എന്റെ റിപ്പോർട്ടിന് ഒരടിസ്ഥാനവുമില്ല എന്നൊരു പ്രസ്താവന ഞാൻ എഴുതിക്കൊടുക്കണമെന്നാണ് അദ്ദേഹം ആദ്യമേ ആവശ്യപ്പെട്ടത്. ഞാൻ അതു നിരാകരിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, ഒന്നും എഴുതിക്കൊടുക്കേണ്ട, തിരു

വിതാംകൂർ സംസ്ഥാനത്ത് എന്റെ വാർത്താ സ്രോതസ്സ് ആരാണെന്നു പറയുകമാത്രം ചെയ്താൽ മതിയെന്ന്. ആ വ്യക്തിയെക്കണ്ട് ഒരു നിഷേധക്കുറിപ്പ് അദ്ദേഹം വാങ്ങിക്കൊള്ളാമത്രെ. അതു പത്രപ്രവർത്തന സദാചാരത്തിൽ (മര്യാദയിൽ) പെടുന്നതല്ലെന്ന് ഞാൻ മറുപടി പറഞ്ഞു.



അതുവരെ ഞങ്ങളിരുവരും മര്യാദപാലിച്ചു. ഞങ്ങൾ എന്റെ ഒരു സുഹൃത്തിന്റെ കടയിലിരുന്ന് സ്വകാര്യസംഭാഷണം നടത്തുകയായിരുന്നു. ഇത്രയുമായപ്പോൾ ഇൻസ്പെക്ടറുടെ സ്വരംമാറി. എനിക്കെതിരായി നിയമനടപടിയെടുക്കാൻ തിരുവിതാംകൂർ പോലീസിന് കഴിയുമെന്ന് അറിയാമോ എന്ന് അദ്ദേഹം ചോദിച്ചു. ഞാൻ കൊച്ചീരാജ്യത്തെ പ്രജയാണെന്നും തിരുവിതാംകൂർസംസ്ഥാനത്തോട് എനിക്ക് ഒരു കടപ്പാടുമില്ലെന്നും ഞാൻ മറുപടി പറഞ്ഞു. അദ്ദേഹം ചോദിച്ചു: "നിങ്ങൾക്ക് എന്തു പ്രായമുണ്ട്?" പ്രോസിക്യൂട്ടു ചെയ്യാൻ തക്ക പ്രായം എനിക്കില്ലെന്ന് അദ്ദേഹം സംശയിച്ചിരിക്കണം. എനിക്ക് പതിനാറുവയസ്സേ ഉണ്ടായിരുന്നുള്ളുവെന്നു ഞാൻ വെളിപ്പെടുത്താൻ പോയില്ല. അല്പം പരുക്കൻ ഭാഷയിൽ ഞാൻ തിരക്കി: "എന്താ എനിക്കു കല്യാണം ആലോചിക്കാൻ പ്ലാനുണ്ടോ?" ഞങ്ങളുടെ സമൂഹത്തിൽ സാധാരണ ഇടനിലക്കാരാണു കല്യാണമാലോചിക്കുന്നത്. പോലീസ് ഇൻസ്പെക്ടർ അവസാനമായി ഇത്രയുമേ പറഞ്ഞുള്ളു: "ഇക്കാര്യത്തെപ്പറ്റി പോലീസിൽനിന്നു നിങ്ങൾ വീണ്ടും കേൾക്കും." അതോടെ ആ സംഭാഷണം അവസാനിച്ചു.

താമസിയാതെതന്നെ അതുപോലെ നടന്നു. ഇത്തവണ ഒരു വലിയ തടിയൻ പോലീസ് ഓഫീസറാണു തിരുവിതാംകൂറിൽനിന്നു വന്നത്. ആനയടി പത്മനാഭൻ പിള്ള. കുപ്രസിദ്ധനായ ഒരു എ. എസ്. പി. വരവ് ഔദ്യോഗികപാതകളിൽക്കൂടിതന്നെ. എന്നെ സ്ഥലത്തെ പോലീസ് സ്റ്റേഷനിലേയ്ക്കു വിളിക്കാൻ തൃപ്പൂണിത്തുറ പോലീസ് സബ് ഇൻസ്പെക്ടർ എൻ. ആർ. സുബ്രഹ്മണ്യ അയ്യർ ഒരു കോൺസ്റ്റബിളിനെ എന്റെ വീട്ടിലേയ്ക്കയച്ചു. ഞാൻ ഉടനെ പോയി. പോലീസ് സ്റ്റേഷൻ ഞങ്ങളുടെ വീടിനടുത്തായിരുന്നെങ്കിലും അതുവരെ ഞാൻ ഒരു പോലീസ് സ്റ്റേഷനിലും പോയിട്ടില്ല. ഞാൻ മനസ്സിൽ പ്രാർത്ഥിച്ചു. കുറച്ചൊരു ഉൽകണ്ഠയുണ്ടെങ്കിലും ഭീഷണിക്കും വിരട്ടലിനും വഴങ്ങരുതെന്ന് ഞാൻ ദൃഢനിശ്ചയം ചെയ്തു.

ആനയടിയും ഞങ്ങളുടെ എസ്. ഐ.യും പോലീസ് സ്റ്റേഷനിലുണ്ട്. ആനയടി പറഞ്ഞു: "ഹോ! ഇത്ര ചെറുപ്പമോ? എന്റെ പൗത്രന്റെ പ്രായമേ കാണൂ. എന്റെ ചോദ്യങ്ങൾക്കു മറുപടി പറയുക മാത്രം ചെയ്താൽ മതി. പിന്നീട് ഒരു കുഴപ്പവുമുണ്ടാകില്ല". അങ്ങനെയാണ് അദ്ദേഹം എന്നെ എതിരേറ്റത്. വളരെ സൗഹൃദവും പിതൃസഹജവുമായ സ്വരത്തിൽ അദ്ദേഹം പറഞ്ഞു: "ശൗരിയെ പിടികൂടിയ സംഭവം സംബന്ധിക്കുന്ന വിവരം നിനക്ക് ആരു തന്നു? ഇങ്ങനെയൊരു അറസ്റ്റിനെപ്പറ്റി ഞങ്ങൾക്കു യാതൊരു വിവരവുമില്ല. രേഖകളിലൊന്നും അതു കാണുന്നില്ല. ശൗരി ഇപ്പോൾ എവിടെയാണെന്നുപോലും ഞങ്ങൾക്ക് അറിഞ്ഞുകൂടാ. നിനക്ക് വിവരം തന്ന ആളുടെ പേരു മാത്രം പറഞ്ഞാൽ മതി. നിന്നെ മറ്റു വിഷമതകളിൽനിന്നെല്ലാം ഞാൻ രക്ഷപ്പെടുത്താം".

ഞാൻ പറഞ്ഞു: "ഖേദിക്കുന്നു, സാർ. ആ വിവരം തരാൻ എനിക്കു നിവർത്തിയില്ല". ഒരു വല്ല്യപ്പച്ചന്റെ രീതിയിൽ അദ്ദേഹം എന്നെ പ്രേരിപ്പിക്കാൻ നോക്കി. ബുദ്ധിപൂർവ്വമായ ഉപദേശമാണു താൻ നല്കുന്നതെന്നും ഞാൻ വിവരം പോലീസിൽനിന്നു മറച്ചുപിടിക്കരുതെന്നും അദ്ദേഹം പറഞ്ഞു. ഞാൻ നിഷേധരൂപത്തിലുള്ള മറുപടിയിൽ ഉറച്ചുനിന്നു. ഒരു പത്രറിപ്പോർട്ടർ എന്ന നിലയിൽ എന്നെ നന്നായി അറിഞ്ഞിരുന്ന ഞങ്ങളുടെ എസ്. ഐ.യും എന്നെ ഉപദേശിച്ചു: "ആ വിവരം അദ്ദേഹത്തോടു പറയുക. അതാണു നിനക്ക് നല്ലത്". ഞാൻ നിഷേധം തുടർന്നപ്പോൾ എസ്. ഐ. എന്നോടു ചോദിച്ചു: "നിന്നെ അറസ്റ്റു ചെയ്തു തിരുവിതാംകൂറിലേക്കയയ്ക്കാൻ എനിക്കു കഴിയുമെന്നറിയാമോ?"

തിരുവിതാംകൂറിനെ അപേക്ഷിച്ചു അഴിമതി വളരെ കുറവുള്ള സംസ്ഥാനമായിരുന്നു കൊച്ചി. ഞങ്ങളുടെ പോലീസിന് എന്നെ പ്രഹരിക്കാൻ കഴിയും. ദൈവത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ആ അപകടസാധ്യത നേരിടാൻ ഞാൻ തയ്യാറായി. അതുകൊണ്ട് ഉള്ളിൽ പേടിയുണ്ടെങ്കിലും പുറമെ ധൈര്യം അവലംബിച്ചുകൊണ്ടുതന്നെ ഞാൻ പറഞ്ഞു: "മി. എൻ. ആർ. സുബ്രഹ്മണ്യ അയ്യർ, നമ്മുടെ സംസ്ഥാന നിയമങ്ങൾ അങ്ങനെ പ്രവർത്തിക്കാനുള്ള അവകാശം അങ്ങേയ്ക്കു നല്കുന്നില്ല. എന്റെ പേരിൽ ഒരു കേസുമില്ല. ആ നിലയിൽ അങ്ങേയ്ക്ക് എന്നെ അറസ്റ്റുചെയ്യാനൊക്കുകയില്ല".

രണ്ടു പോലീസ് ഓഫീസർമാരും ഒരു നിമിഷനേരത്തേക്കു പരസ്പരം നോക്കിയിരുന്നു. അനന്തരം മി. അയ്യർ പറഞ്ഞു: "മി. വറുഗീസ്, നിങ്ങൾക്കു പോകാം."

അതാണു കഥയുടെ പര്യവസാനം. പോലീസിൽനിന്നു പിന്നീടൊന്നും ഞാൻ കേൾക്കുകയുണ്ടായില്ല. എന്തെങ്കിലും സംഭവിച്ചേക്കാമെന്ന് കുറേക്കാലത്തേക്ക് എനിക്കു ഭയമുണ്ടായിരുന്നു. ഒന്നുമുണ്ടായില്ല.

(തുടരും)

ലക്ഷ്മിക്ക് ഓർത്തഡോക്സ് സഭ നൽകുന്ന വീടിന്റെ തറക്കല്ലിട്ടു

കോട്ടയം ● തെക്കുംഗോപുരം - കാരാപ്പുഴ റോഡരികിലെ ഷെഡിൽ താമസിക്കുന്ന ലക്ഷ്മിക്ക് മലങ്കര ഓർത്തഡോക്സ് സഭ നിർമിച്ചു നൽകുന്ന വീടിന്റെ തറക്കല്ലിട്ടു. ഓർത്തഡോക്സ് സഭ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായാണ് തറക്കല്ലിടൽ നിർവഹിച്ചത്. ഓർത്തഡോക്സ് സഭ നടപ്പാക്കുന്ന 'സഹോദരൻ' ജീവകാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വീട് നിർമിക്കുന്നത്. പദ്ധതിയിൽ നിർമിക്കുന്ന ആദ്യ വീടാണിത്. തിരുവാതുക്കലിൽ സഭയുടെ ഉടമസ്ഥതയിലുള്ള ബാലഭവനോടു ചേർന്ന് 3 സെന്റ് സ്ഥലത്താണ് വീട് നിർമിക്കുന്നത്.

സഭ വൈദിക ട്രസ്റ്റി ഫാ.ഡോ.എം.ഒ.ജോൺ, സഭ മാനേജിങ് കമ്മിറ്റി അംഗങ്ങളായ ഫാ.സൈബു സക്കറിയ, എ.കെ.ജോസഫ്, ഡോ. കോര അഞ്ചേരിൽ, സുനിൽ ജോർജ്, നഗരസഭ കൗൺസിലർമാരായ എം.പി.സന്തോഷ് കുമാർ, ജയകൃഷ്ണൻ, ഫാ.ജോൺ ഡേവിഡ്, ഫാ.അനീഷ് പി.സാം, ഫാ.ബൈജു ജോൺസൻ, ഫാ. മോഹൻ ജോസഫ്, താഴത്തങ്ങാടി മാർ ബഹനാൻ സഹദ സൊസൈറ്റി ഭാരവാഹികളായ തോമസ് മാത്യു എറികാട്, കെ.ജെ.ജേക്കബ് കൊച്ചേട്ട്, ഏബ്രഹാം ജോർജ് കടപ്പൂർ, ലോയി ചുമ്മാർ കടക്കലേത്ത് എന്നിവർ പങ്കെടുത്തു.

മലയാള മനോരമയിൽ പ്രസിദ്ധീകരിച്ച ലക്ഷ്മിയുടെ ചിത്രം ശ്രദ്ധയിൽപെട്ടതോടെയാണ് പരിശുദ്ധ ബാവാ വീട് നിർമിച്ചു നൽകാനുള്ള സന്നദ്ധത അറിയിച്ചത്.



കാരാപ്പുഴ സ്വദേശി ലക്ഷ്മിക്ക് മലങ്കര ഓർത്തഡോക്സ് സഭ നിർമ്മിച്ച് നൽകുന്ന ഭവനത്തിന്റെ ശിലാസ്ഥാപന കർമ്മം പരിശുദ്ധ കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു.

പുസ്തകം

വചനത്തിന്റെ വിത്തുകൾ


ഡോ. പോൾ മണലിൽ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ തിരഞ്ഞെടുത്ത പ്രഭാഷണങ്ങളുടെ സമാഹാരമാണ് 'വചനത്തിന്റെ വിത്തുകൾ'. 2021 ഒക്ടോബർ 14-ന് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പരുമലയിൽ മലങ്കര മെത്രാപ്പോലീത്തായെയും ഒക്ടോബർ 15-ന് പൗരസ്ത്യ കാതോലിക്കായെയും തിരഞ്ഞെടുത്ത ദിവസം മുതൽ നാലു മാസക്കാലം പരിശുദ്ധ മാത്യൂസ് തൃതീയൻ നടത്തിയ നൂറിലധികം പ്രഭാഷണങ്ങളിൽനിന്നു ഫാ. ബിജു പി. തോമസ് തിരഞ്ഞെടുത്ത അറുപതു പ്രഭാഷണങ്ങളാണ് 'വചനത്തിന്റെ വിത്തുകൾ' എന്ന പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നത്. മാരാമൺ കൺവെൻഷനിൽ 2022 ഫെബ്രുവരി 17-ന് പരിശുദ്ധ ബാവാ നടത്തിയ പ്രഭാഷണം വരെ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഒരു കണക്കെടുപ്പ് നടത്തിയാൽ 2021 ഒക്ടോബർ 14 മുതൽ 2022 ഫെബ്രുവരി 17 വരെ 126 ദിവസങ്ങളുണ്ട്. ഇതിൽ കുറെ ദിവസങ്ങളിൽ നവാഭിഷിക്തനായ കാതോലിക്കാ ബാവായ്ക്ക് നൽകിയ സ്വീകരണങ്ങൾ കോവിഡ് നിയന്ത്രണം മൂലം പരിമിതപ്പെടുത്തിയെങ്കിലും ഇതിനിടയിൽ അദ്ദേഹം ശരാശരി കണക്കെടുത്താൽ ഒരു ദിവസം ഒരു പ്രസംഗമെങ്കിലും നടത്തിയിട്ടുണ്ട്! ഒരു ദിവസം മൂന്നും നാലും പ്രസംഗങ്ങൾ നടത്തിയ ദിവസങ്ങൾ മുൻനിർത്തിയാണീ നിഗമനം. പരിശുദ്ധ ബാവാ നടത്തിയിട്ടുള്ള ഈ പ്രസംഗങ്ങൾ ഓരോന്നും പത്തിരുപതു മിനിറ്റ് ദൈർഘ്യമുള്ളവയാണ്. ഇതിൽ സമാഹരിച്ചിരിക്കുന്ന അറുപതു പ്രഭാഷണങ്ങളുടെ ദൈർഘ്യം മാത്രം പരിശോധിച്ചാൽ അദ്ദേഹം കഴിഞ്ഞ നാലു മാസത്തിനിടയിൽ പ്രസംഗിച്ചത് ഏകദേശം 120 മണിക്കൂറാണ്. പ്രസംഗകലയെ അദ്ദേഹം സുവിശേഷജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറ്റിയിരിക്കുന്നുവെന്നു സൂചിപ്പിക്കാൻ മറ്റൊരു ദൃഷ്ടാന്തത്തിന്റെ ആവശ്യമില്ല.

എന്നാൽ ഒരു ദിവസം എത്ര പ്രസംഗം നടത്തിയെന്നോ, എത്ര മണിക്കൂർ പ്രസംഗിച്ചെന്നോ ഉള്ള കണക്കെടുപ്പ് നടത്താനല്ല ഞാനിവിടെ തുനിയുന്നത്. ഓരോ പ്രസംഗത്തിലെയും ഉള്ളടക്കമാണ് എന്നെ ആകർഷിച്ചത്. മലങ്കര മെത്രാപ്പോലീത്തായെന്ന നിലയിലും പൗരസ്ത്യ കാതോലിക്കായെന്ന നിലയിലും സ്വീകരണങ്ങളിൽ ഓടിനടന്നു പ്രസംഗിക്കുകയായിരുന്നില്ല പരിശുദ്ധ മാത്യൂസ് തൃതീയൻ ചെയ്തത്. ഓരോ പ്രസംഗത്തിലൂടെയും അദ്ദേഹം ശ്രോതാക്കളുടെ മനസ്സിൽ പുതിയ ആശയങ്ങളുടെ വിത്ത് നിക്ഷേപിക്കുകയാണ് ചെയ്തത്. ഒരു പ്രസംഗത്തിൽ അദ്ദേഹം ഒരു ആശയമെങ്കിലും അവതരിപ്പിച്ചു. അതുകൊണ്ടാണ് ഈ പുസ്തകത്തെ 'വചനത്തിന്റെ വിത്തുകൾ' എന്നു വിശേഷിപ്പിച്ചിരിക്കുന്നതെന്ന് തോന്നുന്നു.

ഇതിലെ പ്രഭാഷണങ്ങൾക്ക് മറ്റൊരു പ്രത്യേകതകൂടിയുണ്ട് - ഓരോ പ്രസംഗത്തിലും ഓരോ ആശയങ്ങൾ മാത്രമല്ല ആവിഷ്ക്കരിച്ചിരിക്കുന്നത്. സ്വന്തമായി ആർജ്ജിച്ച അറിവും അനുഭവവും കാഴ്ചപ്പാടും ഓരോ പ്രസംഗത്തിന്റെയും മാറ്റുരയ്ക്കുന്ന കാര്യങ്ങളാണ്. വേദപുസ്തകത്തിന്റെ അറിവും അനുഭൂതിയും സ്വന്തം അനുഭവജ്ഞാനത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹം ഓരോ പ്രസംഗത്തിലൂടെയും അവതരിപ്പിക്കുന്നു. സഭാപിതാവ് എന്ന നിലയിലല്ല, ഒരു മനുഷ്യൻ എന്ന നിലയിൽ സ്വന്തമായ കാഴ്ചപ്പാട് വച്ചുപുലർത്തുന്ന വ്യക്തിത്വമാണ് പരിശുദ്ധ മാത്യൂസ് തൃതീയൻ ബാവായെന്ന് ഓരോ പ്രസംഗവും വിലയിരുത്തുമ്പോൾ ബോധ്യപ്പെടുകയും ചെയ്യും. അദ്ദേഹത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രസംഗങ്ങളെ വ്യത്യസ്തമാക്കുന്നത് പത്രവാർത്തയുടെ പാരായണം കൊണ്ടല്ല, 'നേത്രവാർത്ത'യുടെ പാരായണം കൊണ്ടാണ്! കൊട്ടാരക്കര മുതൽ പുനലൂർ വരെയുള്ള ഒരു സ്വീകരണത്തിൽ പങ്കെടുത്തപ്പോൾ വഴിനീളെ തനിക്കു ലഭിച്ച പൂമാലകളുടെ സൗരഭ്യമല്ല അദ്ദേഹം ആസ്വദിച്ചത്. തന്റെ 'നേത്രവാർത്ത'യുടെ അനുഭവം പരിശുദ്ധ ബാവാ ഇങ്ങനെയാണ് ഒരു പ്രസംഗത്തിൽ അവതരിപ്പിച്ചത്:



"യാത്ര ചെയ്തപ്പോൾ ഞാൻ വലിയ വീടുകളും ചെറിയ വീടുകളും കണ്ടു. എന്റെ ഘോഷയാത്ര കാണാൻ ചെറിയ വീടിന്റെ മുമ്പിൽ ഒരു സ്ത്രീ നിൽക്കുന്നതും കണ്ടു. കീറിയ വസ്ത്രം ധരിച്ചിരിക്കുന്നതുകൊണ്ട് ആ സ്ത്രീ ദൂരെ മാറി നിൽക്കുകയായിരുന്നു. ആ കാഴ്ച എന്നെ വളരെയധികം സങ്കടപ്പെടുത്തി."

ഇപ്രകാരം കാഴ്ചയുടെ അനുഭവത്തെ പ്രസംഗത്തിലേക്കു പരിവർത്തിപ്പിക്കുന്ന ഒരു ശൈലിയാണ് പരിശുദ്ധ മാത്യൂസ് തൃതീയൻ ബാവായ്ക്കുള്ളത്.

അതിനാൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന് ആർജ്ജവം കൂടും.

മറ്റൊരു പ്രസംഗത്തിൽ അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെ:


"ചിങ്ങവനം കവല മുതൽ നിങ്ങൾ ജയ് ജയ് കാതോലിക്കോസ് എന്നു വിളിച്ചു, വലിയ ആഘോഷത്തോടെ മുമ്പേ പോകുന്നു. ഞാൻ ഏറ്റവും പുറകിലായിരുന്നു. എനിക്ക് വലിയ സന്തോഷമായിരുന്നു. കുറെ ദൂരം വന്നുകഴിഞ്ഞപ്പോൾ വഴിവക്കിൽ ഉണ്ടായിരുന്ന പുറമ്പോക്കിലെ കുടിലുകളിൽ നിന്നും കുറെ സ്ത്രീകളും പുരുഷന്മാരും കുട്ടികളും എന്നെ നോക്കുന്നുണ്ടായിരുന്നു. അതോടെ എന്റെ സന്തോഷം പോയി. ആരാണീ കാറിൽ പോകുന്നത്? ഞങ്ങൾ ഇങ്ങനെ സ്വന്തമായി ഭവനമില്ലാതെ, വസ്തുവില്ലാതെ കിടക്കുന്നതു താങ്കൾ കാണുന്നില്ലേ എന്ന ചോദ്യമാണ് അവരാ കുടിലിന്റെ വാതിൽക്കൽനിന്നു ചോദിച്ചതെന്ന് എനിക്ക് മനസ്സിലായി. ഞാൻ ആ ദുഃഖം അനുഭവിക്കാൻ തുടങ്ങിയതോടെ ജയ് വിളിയൊന്നും എന്റെ കാതുകളിൽ കയറിയില്ല."

ഇപ്രകാരം യേശുക്രിസ്തുവിന്റെ സുവിശേഷത്തെ സ്വന്തം ജീവിതത്തിൽകൂടിയും സ്വന്തം കാഴ്ചപ്പാടുകളിൽകൂടിയും സ്വന്തം ദർശനത്തിൽകൂടിയും വ്യാഖ്യാനിച്ചുകൊടുക്കുന്ന പുതിയൊരു സുവിശേഷ ശൈലിയാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തന്റെ വചനപ്രഘോഷണത്തിലൂടെ അവതരിപ്പിക്കുന്നത്. വിശുദ്ധ വേദപുസ്തകത്തെ സമകാല സമൂഹത്തിന്റെ മുമ്പിൽ വ്യാഖ്യാനിച്ചുകൊടുക്കുന്ന ഒരു വചനവിചാരമെന്നും മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രഭാഷണങ്ങളെ നിർവചിക്കാം. യേശുക്രിസ്തുവിന്റെ സുവിശേഷത്തിനു പുതി

യൊരു ഭാഷ്യം ചമയ്ക്കൽകൂടിയാണിത്.

മലങ്കര മെത്രാപ്പോലീത്തയായി തന്നെ തിരഞ്ഞെടുത്തപ്പോൾ നടത്തിയ പ്രഭാഷണമാണ് 'ദൈവത്താൽ ഞാൻ മതിയായവൻ'. കരുണയുടെ സ്വരമാണ് ആ പ്രസംഗത്തിൽ നാം ഉയർന്നുകേട്ടത് മലങ്കര സഭാമക്കളുടെ അന്തസ്സും ആഭിജാത്യവും തികവാർജ്ജിക്കുന്നത് കരുണയുടെ വഴികളിലാണെന്ന് അഭിവന്ദ്യ പിതാവ് ചൂണ്ടിക്കാട്ടുകയുണ്ടായി. "പ്രജ്ഞയിൽ നിന്നു കരുണയിലേക്കുള്ള കവിഞ്ഞൊഴുകലാണ് ബോധോദയം എന്ന് പ്രബോധിപ്പിച്ച ശ്രീബുദ്ധനും അഹിംസയെന്ന മഹാമന്ത്രം ഉരുവിട്ട മഹാത്മാഗാന്ധിയും കരുണ എറുമ്പിനോടും വേണമെന്നോതിയ ശ്രീനാരായണഗുരുവും ഈ മണ്ണിൽ രൂപപ്പെട്ടവരാണ്. ജാതിമതവർഗ്ഗവർണ്ണഭേദമെന്യേ മനുഷ്യവംശത്തിനു മനസ്സിലാവുന്നതും കരുണയുടെ ഭാഷയാണ്. അതാണ് സുവിശേഷത്തിന്റെ ഭാഷ." അതാകണം നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യമെന്നാണ് പരിശുദ്ധ ബാവാ ആഹ്വാനം ചെയ്യുന്നത്.

പൗരസ്ത്യ കാതോലിക്കായായി സ്ഥാനമേറ്റശേഷം നടത്തിയ പ്രഭാഷണമാണ് 'നമുക്കൊരു പ്രാർത്ഥനയുണ്ട്.' ആ പ്രാർത്ഥന എന്താണെന്നോ? നമ്മുടെ ഭവനങ്ങൾ, കുടുംബങ്ങൾ, നമ്മുടെ ദേവാലയങ്ങൾ, നമ്മുടെ ജീവിതം എല്ലാം പ്രാർത്ഥനയുടെയും കാരുണ്യത്തിന്റെയും ഉറവിടങ്ങളായിത്തീരണം എന്നുള്ളതാണത്. ഇതാണ് തന്റെ പ്രാർത്ഥനയെന്നാണ് ഇതിൽ വെളിപ്പെടുത്തുന്നത്. 'ബലഹീനരെ ചേർത്തുനിർത്തണം' എന്ന പ്രസംഗം ആദ്യത്തെ സ്വീകരണത്തിനുള്ള മറുപടിയായിരുന്നു. അതിൽ പരിശുദ്ധ ബാവാ വ്യക്തമാക്കിയതു മനുഷ്യസാഹോദര്യത്തെപ്പറ്റിയാണ്. പ്രയാസപ്പെടുന്നവരെയും ബലഹീനരെയും ജാതിമതഭേദം കൂടാതെ സഹായിക്കാനും ചേർത്തുനിർത്താനും സാധിക്കുന്ന സാഹോദര്യമാണ് താൻ ആഗ്രഹിക്കുന്നതെന്നായിരുന്നു ആ പ്രഭാഷണത്തിന്റെ കാതൽ.



ഇപ്രകാരം പറയുന്നതാണ് വാക്കുകളെങ്കിൽ, ആ വാക്കുകളുടെ യഥാർത്ഥമായ കലയാണ് പരിശുദ്ധ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രഭാഷണങ്ങൾ. ശ്രോതാക്കളുടെ ഹൃദയത്തിലേക്കു വാക്കുകളെയും അതു ഉൾക്കൊള്ളുന്ന ആശയത്തെയും കടത്തുന്നതിനു പരിശുദ്ധ ബാവാ തിരുമേനിക്കു കഴിയുന്നു. എങ്ങനെയാണ് വാക്കുകൾ ശ്രോതാക്കളുടെ ഹൃദയത്തിലേക്കു കടക്കുന്നത്? സംസാരിക്കുന്ന വിഷയങ്ങളെപ്പറ്റി പരിശുദ്ധ ബാവാ തിരുമേനിക്കു ഹൃദയപൂർവ്വവും അഗാധവുമായ ബോധവും സ്നേഹവും ഉള്ളതുകൊണ്ടാണ് ഇതു സാധിക്കുന്നത്.

പരിശുദ്ധ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ സംസാരിക്കുമ്പോൾ തന്റെ പ്രാണൻപോലും ഉഴിഞ്ഞുവയ്ക്കാനുള്ള ധീരത പ്രകടിപ്പിക്കുന്നതായി എനിക്കു തോന്നിയിട്ടുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ പറയുന്നതുപോലെ, ആ ഹൃദയത്തിന്റെ പൂർണതയിൽനിന്നു മുഖം സംസാരിക്കുകയാണ്. വിചാരവും വിജ്ഞാനവും വിവേകവും ഉള്ള പ്രസംഗങ്ങൾ നടത്താൻ ആത്മാർത്ഥതാജന്യമായ വൈകാരിക ധീരത വേണം. ആ ധീരതയാണ് മാത്യൂസ് തൃതീയൻ ബാവായുടെ പ്രഭാഷണങ്ങളെ വ്യത്യസ്തമാക്കുന്നത്. പ്രസംഗകല ആശയാവിഷ്ക്കാരത്തിന്റെ ലോകമാണെന്നു ഈ പുസ്തകത്തിലെ പ്രഭാഷണങ്ങൾ സമർത്ഥിക്കുന്നു. ചിന്തയുടെയും ആലോചനയുടെയും ഹിമാലയത്തിലേക്കു ശ്രോതാക്കളെ കരങ്ങൾ പിടിച്ചുയർത്താൻ പര്യാപ്തമാണ് അദ്ദേഹത്തിന്റെ വാക്കുകൾ. ഇതിലെ പ്രഭാഷണങ്ങൾ പരിശുദ്ധ മാത്യൂസ് തൃതീയൻ ബാവായെ കൂടുതൽ ശക്തിയായും ഭംഗിയായും ആവിഷ്ക്കരിക്കുന്നുണ്ട് എന്നു പറയാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്.

നമുക്ക് മനോഹരമായ അനേകം ദേവാലയങ്ങളും കുരിശിൻതൊട്ടികളും ഉണ്ടെങ്കിലും മനുഷ്യൻ വസിക്കുന്ന ദേവാലയങ്ങളാണ് ഇനിയും ഉണ്ടാകേണ്ടതെന്ന് 'മനുഷ്യദേവാലയങ്ങൾ പണിയുക' എന്ന പ്രഭാഷണത്തിൽ പരിശുദ്ധ ബാവാ ചൂണ്ടിക്കാട്ടുന്നു. മേൽക്കൂരകൾ തകർന്നും ഭിത്തികൾ പൊട്ടിയും കിടക്കുന്ന അനേകം ഭവനങ്ങളുണ്ട്. ക്യാൻസർ ബാധിച്ച ദേവാലയങ്ങളുണ്ട്. വൃക്കരോഗത്താൽ വലയുന്ന ദേവാലയങ്ങളുണ്ട്. ഹൃദ്രോഗം ബാധിച്ച ദേവാലയങ്ങളുണ്ട്. ഇങ്ങനെയുള്ള രോഗികൾ, അശരണർ, ആലംബഹീനർ എന്നിവരുടെ ജീവിതം പണിയുന്നതാണ് ഇനിയും വേണ്ട ദേവാലയ നിർമ്മാണമെന്നാണ് അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്.

ദരിദ്രനാരായണന്മാരുടെ നിലവിളി നാം കേൾക്കുന്നില്ലെന്ന് 'സിംഹാസനങ്ങൾ കുടിലിലിടണം' എന്ന പ്രസംഗത്തിൽ പരിശുദ്ധ ബാവാ ചൂണ്ടിക്കാട്ടുന്നു. നമ്മൾ സിംഹാസനങ്ങളിൽ കഴിയുന്നവരാണ്. നമ്മുടെ സിംഹാസനങ്ങൾ ദരിദ്രന്റെ കുടിലിൽ ആകുമ്പോൾ മാത്രമേ സമൂഹത്തിന് മാറ്റമുണ്ടാകൂ എന്നാണ് അഭിവന്ദ്യ തിരുമേനി വ്യക്തമാക്കുന്നത്. നമ്മുടെ സിംഹാസനം ദരിദ്രന്റെ കുടിലിലേക്കു മാറ്റി സ്ഥാപിച്ചെങ്കിൽ മാത്രമേ ദൈവത്തിനു പ്രീതികരമാകൂ എന്നാണ് അദ്ദേഹത്തിന്റെ വീക്ഷണം. നമ്മുടെ കളപ്പുരകൾ ദരിദ്രരുടെ മടിത്തട്ടിലും വിധവയുടെ ഭവനത്തിലുമാണ് പണിയേണ്ടത്. എന്തൊരു അർത്ഥവത്തായ ആശയമാണിത്.

വിപ്ലവചിന്തയിലേക്കു ക്രൈസ്തവസഭ തിരികെ വന്നാൽ ലോകം സമാധാനത്തിലാകുമെന്ന് 'അഹങ്കാരത്തെ കൊല്ലണം' എന്ന പ്രഭാഷണത്തിൽ പരിശുദ്ധ ബാവാ ചൂണ്ടിക്കാട്ടുന്നു. ഒന്നാം നൂറ്റാണ്ടിൽ ക്രൈസ്തവർ ഒന്നിച്ചു ജീവിച്ചത് തങ്ങളുടെ സ്വകാര്യസ്വത്തുക്കൾ അപ്പൊസ്തലന്മാരുടെ മുമ്പിൽ വച്ചുകൊണ്ടാണ്. അതിലും വലിയ വിപ്ലവം ഇന്നുവരെയും ഉണ്ടായിട്ടില്ല. ക്രൈസ്തവ സഭയുടെ ആ വിപ്ലവ സ്വഭാവമാണ് തിരിച്ചുകൊണ്ടുവരേണ്ടത്. അതിന് മുന്നോടിയായി നമ്മൾ ഹൃദയത്തിലെ അഹങ്കാരത്തെ കൊല്ലണം; സ്വാർത്ഥതയെ നശിപ്പിക്കണം. പ്രയാസം അനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടി ക്രിസ്തു പഠിപ്പിച്ച സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിച്ചാൽ ന്യൂനപക്ഷം എന്നു പറയുന്ന ക്രിസ്തീയസഭ ഭാരതത്തിലെ ഭൂരിപക്ഷത്തിനു തുല്യമായിരിക്കുമെന്നു 'ദുരിതമനുഭവിക്കുന്നവരുടെ വിജയം' എന്ന പ്രഭാഷണത്തിൽ അഭിവന്ദ്യ തിരുമേനി വ്യക്തമാക്കുന്നു. നമ്മൾ ഭൂരിപക്ഷമാകേണ്ടതു അംഗസംഖ്യയിലല്ല, സ്നേഹത്തിന്റെ സംഖ്യയിലാണ് എന്ന ആശയമാണ് തിരുമേനി സമർത്ഥിക്കുന്നത്.

പെരുന്നാളുകൾ വെറും ആഘോഷങ്ങളല്ല, അതു നമ്മുടെ ജീവിതത്തിൽ വന്നുപോയിരിക്കുന്ന കുറവുകൾ ദൈവസന്നിധിയിൽ ഏറ്റുപറയാനുള്ള സന്ദർഭമാണെന്നു 'പുനഃപ്രതിഷ്ഠ' എന്ന പ്രഭാഷണത്തിൽ പരിശുദ്ധ ബാവ വ്യക്തമാക്കുന്നു. വെല്ലുവിളികളെ അതിജീവിക്കാൻ പരിശ്രമിക്കുമ്പോഴാണ് ജീവിതത്തിന് ഊർജ്ജം ലഭിക്കുന്നതെന്നു സ്വന്തം അനുഭവത്തെ മുൻനിർത്തി 'ഊന്നലുകൾക്കു സമൂലമായ മാറ്റം വേണം' എന്ന പ്രഭാഷണത്തിൽ അഭിവന്ദ്യ തിരുമേനി ചൂണ്ടിക്കാട്ടുന്നു. ജീവിതതീർത്ഥാടനത്തിൽ വെല്ലുവിളികളെ നേരിടണം. നമ്മോടൊപ്പം സഞ്ചരിക്കുന്നവർ ക്ഷീണിച്ചു നിലംപതിക്കുന്നുണ്ട്. അവരുടെ കരംപിടിക്കാനുള്ള വെല്ലുവിളി നമ്മൾ ഏറ്റെടുക്കണം. മനുഷ്യജീവിതത്തിന്റെ പ്രാഥമികമായ ഉത്തരവാദിത്വമാണ് ഇതെന്നും അദ്ദേഹം ഓർമ്മപ്പെടുത്തുന്നു. അപരന്റെ സന്തോഷത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്ന അവസ്ഥയിലേക്ക് സമൂഹം മാറണമെന്നാണ് പരിശുദ്ധ ബാവാ ആഗ്രഹിക്കുന്നത്.

ദൈവവചനം സ്വീകരിക്കാൻ നമ്മുടെ ഹൃദയങ്ങൾ വിശുദ്ധീകരിക്കപ്പെടണമെന്ന സന്ദേശമാണ് 'പുതിയ സൃഷ്ടിയാകണം' എന്ന പ്രഭാഷണം നൽകുന്നത്. പുതിയ സൃഷ്ടിയായി നാം രൂപാന്തരപ്പെടാൻ ദൈവവചനം ഒരു മാധ്യമമാണ്. 'പോയാലൊരു വാക്ക്' എന്ന പ്രഭാഷണത്തിൽ നമുക്കൊരു മാറ്റം വേണമെന്നാണ് പരിശുദ്ധ ബാവാ ആഗ്രഹിക്കുന്നത്. പള്ളികളിൽ പണത്തിന്റെ ധൂർത്തു വർദ്ധിച്ചുവരികയാണ്. മനുഷ്യരുടെ സങ്കടം കാണാനും അവരുടെ കണ്ണീരൊപ്പാനും കഴിയുമ്പോൾ മാത്രമാണ് നമ്മുടെ സഭാജീവിതം അർത്ഥവത്താകുന്നത് എന്ന് അദ്ദേഹം വ്യക്തമാക്കുന്നു.



നമ്മളെല്ലാം വയലുകളാണെന്നും വയലാകുന്ന ജീവിതത്തിൽ വചനം സ്വീകരിക്കണമെന്നും വചനം ജീവിതത്തിൽ മാറ്റം ഉണ്ടാക്കുമെന്നും 'മനുഷ്യ ഹൃദയങ്ങൾ ഒരുക്കപ്പെടണം' എന്ന പ്രഭാഷണത്തിൽ ചൂണ്ടിക്കാണിക്കുന്നു. പ്രതികാരമനോഭാവത്തിൽനിന്നും മോചിതരായെങ്കിൽ മാത്രമേ മനുഷ്യരെ സ്നേഹിക്കാൻ കഴിയൂ എന്നും ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാൻ കഴിയുന്നതാണ് ക്രിസ്തീയ മഹത്വമെന്നും 'ഉപദ്രവിക്കുന്നവരെ സ്നേഹിക്കണം' എന്ന പ്രഭാഷണത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു.

ഓർത്തഡോക്സ് സഭയുടെ ദേവാലയത്തിൽ സകല സൃഷ്ടിക്കുവേണ്ടിയും സകല മനുഷ്യർക്കുവേണ്ടിയും സർവ്വ പ്രപഞ്ചത്തിനുവേണ്ടിയുമാണ് വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതെന്ന വസ്തുതയാണ് 'ദേവാലയം സാധുക്കൾക്ക് അത്താണിയാകണം' എന്ന പ്രഭാഷണത്തിൽ ചൂണ്ടിക്കാണിക്കുന്നത്. അന്യനെ കരുതുന്നതാണ് യഥാർത്ഥ വളർച്ചയെന്ന് 'സമൂഹത്തോട് നമ്മൾ ഉത്തരവാദിത്വം നിർവഹിക്കണം' എന്ന പ്രഭാഷണത്തിൽ ഉദ്ബോധിപ്പിക്കുന്നു. നമ്മൾ സഭയായോ വ്യക്തിയായോ മാത്രം വളർന്നാൽ അതു യഥാർത്ഥ വളർച്ചയല്ലെന്ന ആശയവും അദ്ദേഹം അവതരിപ്പിക്കുന്നു. നമ്മൾ മനുഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത് അവർക്ക് ആദ്യം തന്നെ ചെയ്തുകൊടുക്കാൻ ആവശ്യപ്പെടുന്ന ക്രിസ്തീയ നിയമത്തെപ്പറ്റിയാണ് 'ആത്മീയതയുടെ സുവർണ്ണനിയമം' എന്ന പ്രഭാഷണത്തിൽ ചൂണ്ടിക്കാണിക്കുന്നത്. നമ്മൾ മറ്റുള്ളവർക്കായി ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതത്തിന് അർത്ഥം ഉണ്ടാവുക എന്ന ചിന്തയാണ് 'അപരനുവേണ്ടി ജീവിക്കണം' എന്ന പ്രഭാഷണത്തിൽ അവതരിപ്പിക്കുന്നത്.

തുറന്ന മനസ്സോടെ വ്യക്തികളെ അറിയാൻ ശ്രമിക്കുമ്പോൾ അവരുടെ ജീവിതമൂല്യം തിരിച്ചറിയാൻ കഴിയുമെന്ന പാഠമാണ് 'മുൻവിധി പാടില്ല' എന്ന പ്രഭാഷണം. മുൻവിധി മനുഷ്യരെ പരസ്പരം അകറ്റുമെന്നും സമാധാനം തകർക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഒന്നിനും കുറവില്ലാത്ത ജീവിതമല്ല, എല്ലാത്തിനും കുറവുള്ള ഒരുപാട് മനുഷ്യർ ഈ ഭൂമുഖത്ത് ജീവിച്ചിരിപ്പുണ്ട് എന്ന പരമാർത്ഥം തിരിച്ചറിയുന്നതാണ് യഥാർത്ഥ ജ്ഞാനമെന്നു 'കാഴ്ചയില്ലാത്തവർക്കു കാഴ്ചയായി മാറണം' എന്ന പ്രഭാഷണത്തിൽ ആഹ്വാനം ചെയ്യുന്നു. കാഴ്ചയില്ലാത്തവർക്കു കാഴ്ചയായി, ബുദ്ധിയില്ലാത്തവർക്കു ബുദ്ധിയായി പ്രവർത്തിക്കാനാണ് ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നതെന്നും ചൂണ്ടിക്കാട്ടുന്നു.

ജീവകാരുണ്യപ്രവർത്തനം ഒരു നേർച്ചയല്ലെന്നു 'ഭവനരഹിതരായി ആരും ഉണ്ടാകരുത്' എന്ന പ്രസംഗത്തിൽ പരിശുദ്ധ ബാവാ ഓർമ്മപ്പെടുത്തുന്നു. ദൈവനീതി നിഷേധിക്കുമ്പോഴാണ് സമാധാനം തകരുന്നത് എന്ന ചിന്തയാണ് ഭാരതത്തിന്റെ ധീരനായ അപ്പോസ്തോലൻ' എന്ന പ്രഭാഷണത്തിൽ വ്യക്തമാക്കുന്നത്.

'ക്രിസ്തുവിനു വേണ്ടി മരിക്കുക' എന്ന പ്രഭാഷണത്തിൽ പരിശുദ്ധ ബാവാ പറയുന്നതു, അപരനു വേണ്ടി ജീവൻപോലും ത്യജിക്കാൻ സന്നദ്ധതയുള്ള സ്നേഹത്തെപ്പറ്റിയാണ്. അതാണ് പവിത്രമായ സ്നേഹം. മനുഷ്യബന്ധത്തിൽ ദൃഢത വേണം. യേശുക്രിസ്തുവുമായി ദൃഢബന്ധം ഉണ്ടെങ്കിൽ മാത്രമേ നമ്മുടെ ജീവിതത്തിലും ദൃഢത ഉണ്ടാകൂ. എങ്കിൽ മാത്രമേ നമ്മുടെ ജീവനു തുല്യമായി അപരനെ സ്നേഹിക്കാൻ കഴിയൂ എന്നാണ് പരിശുദ്ധ ബാവായുടെ നിരീക്ഷണം. കഷ്ടപ്പെടാനും ത്യാഗം ചെയ്യാനും ഉള്ള മനസ്സ് ആർജ്ജിക്കണം. ദരിദ്രരെ സഹായിക്കുക എന്നാൽ ദരിദ്രരെ സ്നേഹിക്കുക എന്നുതന്നെയാണ് അർത്ഥം. അതു നമ്മുടെ സാമൂഹിക പ്രതിബദ്ധതയുടെ മുഖമുദ്രയാണെന്നും പരിശുദ്ധ ബാവാ ചൂണ്ടിക്കാട്ടുന്നു.

നമ്മുടെ ജീവിതത്തിനു അർത്ഥമുണ്ടാകുന്നതു മറ്റുള്ളവരുടെ നന്മയ്ക്കു വേണ്ടി നമ്മൾ ജീവിക്കുമ്പോഴാണെന്ന പാഠമാണ് 'ഭക്ഷണാധിക്യത്താൽ മരിക്കുന്നവർ' എന്ന പ്രഭാഷണത്തിൽ വിവരിക്കുന്നത്. ഭക്ഷണമില്ലാതെ മരിക്കുന്നവരെക്കാൾ കൂടുതൽ ഭക്ഷണം കഴിച്ചു മരിക്കുന്നവരാണ് ഇന്നു ലോകത്തുള്ളത്. അതിനാൽ വിഭവങ്ങളുടെ പങ്കിടൽ ഉണ്ടാകണമെന്ന് പരിശുദ്ധ ബാവാ ആഹ്വാനം ചെയ്യുന്നു.

'ക്രിസ്തുവിന്റെ കരങ്ങളാകണം' എന്ന പ്രഭാഷണത്തിൽ മാത്യൂസ് തൃതീയൻ ബാവാ പറയുന്നത്, "മറ്റുള്ളവന്റെ ദുഃഖം നമ്മുടെയും ദുഃഖമായി കാണക്കാക്കുമ്പോഴാണ് നമ്മൾ മനുഷ്യരാകുന്നത്" എന്നാണ്. മനുഷ്യന്റെ സന്മാർഗ്ഗം നോക്കിയല്ല നമ്മൾ മനുഷ്യർക്ക് നന്മ ചെയ്യേണ്ടതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. നമ്മൾ നന്മ ചെയ്യുമ്പോഴാണ് ദുർമാർഗ്ഗത്തിൽ ചരിക്കുന്നവർ സന്മാർഗ്ഗത്തിലേക്കു തിരിയുന്നത്. നീതിമാന്മാരുടെ മേൽ മാത്രമല്ല ദൈവം മഴ പെയ്യിക്കുന്നതും സൂര്യനെ ഉദിപ്പിക്കുന്നതും. ദൈവം പ്രതീക്ഷിക്കുന്നതു നീതികെട്ടവനും നീതിമാനായി മാറുമെന്നാണ്. അതിനാൽ ദൈവം സ്നേഹിക്കുന്നപോലെ മനുഷ്യനെ സ്നേഹിക്കാൻ നമുക്കും കഴിയണമെന്ന് പരിശുദ്ധ ബാവാ ആഹ്വാനം ചെയ്യുകയാണ്.

സൗജന്യചികിത്സ നൽകുന്ന ക്യാൻസർ ആശുപത്രി വിഭാവനം ചെയ്യുകയാണ് 'ദരിദ്രരായ രോഗികൾക്കൊരാശ്രയമായി മാറണം' എന്ന പ്രഭാഷണത്തിൽ അഭിവന്ദ്യ തിരുമേനി. ആശുപത്രി സമൂഹത്തിന്റെ ആശ്രയമായി മാറണമെന്ന ചിന്തയാണ് ഈ പ്രസംഗത്തിൽ നിഴലിച്ചുകാണുന്നത്. രോഗത്തിൽനിന്നും ദാരിദ്ര്യത്തിൽ നിന്നും സംരക്ഷണം ലഭിക്കാതെ കരയുന്നവരുടെ എണ്ണം വർദ്ധിച്ചുവരുമ്പോൾ അത്തരക്കാരുടെ കണ്ണീരൊപ്പാൻ സന്മനസ്സുള്ള ഒരു ആത്മീയ പിതാവിന്റെ മനസ്സാണ് 'തിമിരം ബാധിച്ച കണ്ണുകൾ തുറക്കപ്പെടണം' എന്ന പ്രഭാഷണത്തിൽ തെളിഞ്ഞുവരുന്നത്. ലോകത്തിന്റെ വേദനയിലേക്ക് കണ്ണുകൾ തുറക്കാൻ ആഹ്വാനം ചെയ്യുന്ന പരിശുദ്ധ ബാവാ നൽകുന്ന മുന്നറിയിപ്പ് നമുക്ക് കാഴ്ച നഷ്ടമായിരിക്കുന്നു എന്നാണ്. അതിനാൽ തിമിരം ബാധിച്ച കണ്ണുകൾ തുറക്കപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു.

'വിശ്വാസിയുടെ ജീവിതലക്ഷ്യം' എന്ന പ്രഭാഷണത്തിൽ ജീവിതത്തിൽ അനുവർത്തിക്കേണ്ട ചില കാര്യങ്ങളാണ് പരിശുദ്ധ ബാവാ ചൂണ്ടിക്കാട്ടുന്നത്. വാക്കും പ്രവർത്തിയും തമ്മിൽ ബന്ധം വേണം. മനുഷ്യർ നമ്മെ അറിയുന്നതു നമ്മുടെ പ്രവർത്തിയിലൂടെയാണ്. ഹൃദയവിശുദ്ധിയും ഹൃദയനൈർമല്യവും ആർജ്ജിച്ചുകൊണ്ട് ജീവിക്കണം. ദൈവകരങ്ങളിലാണ് ജീവിതത്തിന്റെ ഉയർച്ചയും താഴ്ചയും നിലകൊള്ളുന്നതന്നെ ബോധ്യവും നമുക്കുണ്ടാകണമെന്നു അദ്ദേഹം ഓർമ്മപ്പെടുത്തുന്നു.

കപ്പദോക്യൻ പിതാക്കന്മാരായ മാർ ബസേലിയോസിനെയും മാർ ഗ്രിഗോറിയോസിനെയും അനുസ്മരിക്കുന്ന ഒരു പ്രഭാഷണമാണ് 'കപ്പദോക്യൻ പിതാക്കന്മാർ' എന്ന ശീർഷകത്തിലുള്ളത്. സഭയിൽ ഇന്നു നമ്മൾ വിശ്വാസിക്കുന്ന പല കാര്യങ്ങളും പഠിപ്പിച്ച ഈ പിതാക്കന്മാരെപ്പറ്റി ഒരു പ്രസംഗത്തിൽ ഒതുക്കി പറയാവുന്ന ആശയങ്ങൾ പരിശുദ്ധ മാത്യൂസ് തൃതീയൻ ബാവാ അവതരിപ്പിക്കുന്നുണ്ട്. പരിശുദ്ധാത്മാവിനെപ്പറ്റി ആദ്യം എഴുതിയത് ബസേലിയോസ് ആണെങ്കിൽ വിശുദ്ധ ത്രിത്വത്തിന്റെ അർത്ഥത്തെപ്പറ്റിയും ഉണ്മയെപ്പറ്റിയും വിശദീകരിച്ചത് ഗ്രിഗോറിയോസ് ആയിരുന്നു. വിശ്വാസത്തിൽ നമ്മെ ഉറപ്പിച്ച ആ പിതാക്കന്മാരെ ഓർമ്മപ്പെടുത്തുകയാണ് ഈ പ്രഭാഷണത്തിൽ. മാർ

യാക്കോബ് ബുർദ്ദാന, അഹത്തുള്ള ബാവാ എന്നിവരെപ്പറ്റിയുള്ള പ്രഭാഷണങ്ങളും ഇതിലുണ്ട്. ക്രിസ്തുവുമായി താദാത്മ്യം പ്രാപിക്കാൻ ഓടിയ ഓട്ടക്കാരനാണ് പരിശുദ്ധ പരുമലത്തിരുമേനിയെന്ന് 'വിശുദ്ധിയുടെ ഓട്ടക്കാരൻ' എന്ന പ്രഭാഷണത്തിൽ പരിശുദ്ധ ബാവാ ചൂണ്ടിക്കാട്ടുന്നു. പരുമലത്തിരുമേനിയെപ്പോലെ വിശുദ്ധിയിൽ വിരുതു പ്രാപിക്കാനുള്ള ഓട്ടത്തിൽ നമ്മൾ പരിശീലനം നേടണം. ബലഹീനതകളിൽ നിന്നു മോചനം പ്രാപിച്ചുകൊണ്ട് വിശുദ്ധിയിലേക്കു ഓടുന്നവനാണ് വിരുതു പ്രാപിക്കുന്നതെന്ന് ഈ പ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടുന്നു.

'ക്രാന്തദർശികളായ പിതാക്കന്മാർ' എന്ന പ്രഭാഷണം കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ്, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ എന്നിവരുടെ ജീവിതത്തെ മുൻനിർത്തിയുള്ളതാണ്. അവരുടെ ജീവിതത്തിന്റെ ഒരു പാർശ്വവീക്ഷണമാണ് ഇതിലൂടെ അവതരിപ്പിക്കുന്നത്.

ലോകത്തിനു കരുണയുടെ മുഖം കാട്ടിക്കൊടുത്ത പിതാവായിരുന്നു തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെന്ന് സ്നേഹത്തെ ക്രിയയാക്കിയ പിതാവ്' എന്ന പ്രഭാഷണത്തിൽ പരിശുദ്ധ ബാവാ ചൂണ്ടിക്കാട്ടുന്നു. 'സ്നേഹം ഒരു നാമമല്ല അതൊരു ക്രിയയായി ആഘോഷിക്കണമെന്നു മാർ ദീവന്നാസ്യോസ് കാണിച്ചുതന്നെന്നും അദ്ദേഹം പറയുന്നു. മനുഷ്യരുടെ ഉയർച്ച ജാതി-മത ചിന്തകൾക്കുപരിയായി അനിവാര്യമാണെന്ന് ചിന്തിച്ച വ്യക്തിത്വമാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെന്നു 'അതിർവരമ്പ് ഇല്ലാതെ സ്നേഹിച്ച പിതാവ്' എന്ന സംഭാഷണത്തിൽ എടുത്തുകാട്ടുന്നു. അതുപോലെ തനിക്ക് കാരുണ്യത്തിന്റെ വഴിത്താര കാണിച്ചുകൊടുത്ത ഗീവറുഗീസ് മാർ ഒസ്താത്തിയോസിനെപ്പറ്റിയും ഒരു പ്രഭാഷണമുണ്ട്.

പരിശുദ്ധ ബാവായുടെ ഈ പ്രഭാഷണങ്ങൾ ശ്രോതാക്കളെ ആവേശംകൊള്ളിക്കുന്നതും പ്രചോദനം പകരുന്നതുമാണ്. ഈ പ്രസംഗങ്ങളിൽ ഹൃദയബന്ധത്തിന്റെ ഏതോ മാധുര്യം ഉറന്നുനില്ക്കുന്നതായി എനിക്ക് തോന്നുന്നു. ക്രിസ്തുവിന്റെ പുതിയ പ്രകാശവും ദർശനവും ഇതിന്റെ പാരായണത്തിലൂടെ എനിക്ക് ലഭ്യമാകുന്നുവെന്നു പറയാനും ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു. ഇത്രയും പ്രസംഗങ്ങൾ സമാഹരിച്ചു കേട്ടെഴുതി വായനക്കാർക്ക് സമ്മാനിക്കാൻ ഏറെ സമയം ചെലവഴിച്ച ഫാ. ബിജു പി. തോമസിനെ പ്രത്യേകം ശ്ലാഘിക്കുന്നു. പരിശുദ്ധ ബാവായുടെ പത്തിരുപതു മിനിറ്റുള്ള ഒരു പ്രസംഗം കേട്ടെഴുതാൻ ഏകദേശം ഒന്നൊന്നര മണിക്കൂറെങ്കിലും വേണം. അറുപതു പ്രസംഗം കേട്ടെഴുതാൻ ഏതാണ്ട് അത്രയും മണിക്കൂറെങ്കിലും ഫാ. ബിജു പി. തോമസ് തന്റെ ജീവിതത്തിൽനിന്നും മാറ്റിവച്ചിട്ടുണ്ട്! അതൊരു ത്യാഗം തന്നെയാണ്. അറിവിന്റെയും അനുഭവത്തിന്റെയും ദർശനത്തിന്റെയും ആശയത്തിന്റെയും ഒരു വലിയ ലോകം വായനക്കാർക്ക് കാഴ്ചവയ്ക്കാനുള്ള ഉദ്യമത്തിൽ ഇത്തരം ത്യാഗങ്ങൾ അനിവാര്യമാണ്. ഇതിന്റെ നേട്ടം വായനക്കാർക്കാണ്.

'വചനത്തിന്റെ വിത്തുകൾ' ഓരോ വായനക്കാരന്റെയും മനസ്സിൽ വിതയ്ക്കാൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവായ്ക്ക് കഴിയുന്നു എന്നത് ഏറ്റവും ആഹ്ലാദകരമാണ്. വായനക്കാരന്റെ മനസ്സിൽ വചനം വിടരുമ്പോഴാണ് യഥാർത്ഥ ക്രിസ്തീയ അനുഭവത്തിലേക്ക് കടന്നുവരാൻ കഴിയുക. സഭാപിതൃവിജ്ഞാനീയ പഠനശാഖയ്ക്ക് മികച്ച സംഭാവന നൽകിയ പരിശുദ്ധ ബാവാ തിരുമേനിക്കും ഈ പുസ്തകം അണിയിച്ചൊരുക്കിയ ഫാ. ബിജു പി. തോമസിനും എന്റെ കൂപ്പുകൈ.

❑



കുന്നംകുളം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള **'സ്നേഹസ്പർശം ப. ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ പെയിൻ & പാലിയേറ്റീവ് കെയർ സെൻറർ' പഴഞ്ഞിയിൽ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.**



ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മാർത്തോമാ സഭയുടെ മാരാമൺ കൺവൻഷനിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു സന്ദേശം നൽകി.



മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ : ചരിത്രം, രേഖകൾ

ഡെറിൻ രാജു/ജോയ്സ് തോട്ടയ്ക്കാട്
അവതാരിക: ഡോ. പോൾ മണലിൽ.
പഠനം ഡോ. എം. കുര്യൻ തോമസ്. മലങ്കര അസോസിയേഷനുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് സഭാചരിത്ര ഗവേഷകനായ വർഗീസ് ജോൺ തോട്ടപ്പുഴയുടെ ആധികാരിക ലേഖനങ്ങൾ.
ഇതുവരെ പുറത്തു വരാത്ത വിലമതിക്കാനാവാത്ത അതിശ്രേഷ്ഠ ചരിത്രരേഖകൾ. അസോസിയേഷൻ നടപടിചട്ടം, മെത്രാൻ തിരഞ്ഞെടുപ്പ് നടപടിചട്ടം, വർക്കിംഗ് കമ്മിറ്റി - മാനേജിംഗ് കമ്മിറ്റി നടപടിചട്ടം, അസോസിയേഷൻ മിനിട്സുകൾ (1896 1911), മാനേജിംഗ് കമ്മിറ്റി മിനിട്സ് (18861934), മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരുകൾ (18762017), അസോസിയേഷൻ അംഗങ്ങളുടെ പേരുകൾ (1876, 1911), വർക്കിംഗ് കമ്മിറ്റി, റൂൾ കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി, മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരുകൾ, സുന്നഹദോസ് സെക്രട്ടറിമാരുടെ പേരുകൾ, വരണാധികാരികളുടെ പേരുകൾ തുടങ്ങി മലങ്കര അസോസിയേഷനുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും.
പ്രസാധകർ: സോഫിയാ ബുക്സ്, കോട്ടയം
900 പേജുകൾ. വില 600 രൂപ

"ഏതു സഭയായാലും തരക്കേടില്ല, രക്ഷയ്ക്കു തടസ്സമില്ല എന്നൊരു മനോഭാവം ചിലർക്കെല്ലാമുണ്ട്. ആ മനോഭാവം ശരിയല്ല. സഭ ഒന്നേയുള്ളൂ. അതു സത്യവിശ്വാസമുള്ള സഭയാണ്. വിശ്വാസം പരിത്യജിക്കാൻ ഇക്കാലത്തുള്ള ആളുകൾക്ക് ഒരു പ്രയാസവുമില്ല. വസ്ത്രം മാറുന്നതുപോലെയാണ് അവർ വിശ്വാസം മാറുന്നത്. വിശ്വാസവിപരീതികളുമായി വിവാഹബന്ധത്തിൽ ഏർപ്പെടരുത്. ശേത്തിന്റെ മക്കളും കായേന്റെ മക്കളും തമ്മിലുണ്ടായ വിവാഹബന്ധമാണ് ജലപ്രളയംമൂലം ലോകത്തിന്റെ നാശത്തിനു കാരണമായിത്തീർന്നത് എന്ന് ഓർത്തുകൊള്ളണം. എന്റെ സഭ സത്യസഭ എന്നുള്ള ബോധത്തോടും തീഷ്ണതയോടും കൂടി, അതിന്റെ വളർച്ചയ്ക്കു വേണ്ടി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രവർത്തിക്കണം. അത് നാമെല്ലാവരുടേയും ചുമതലയാണ്. നമ്മുടെ മുമ്പുകടന്നുപോയിട്ടുള്ള പിതാക്കന്മാർ നല്ല സഭാസ്നേഹവും വൈരാഗ്യവുമുള്ളവരായിരുന്നു. അങ്ങനെയുള്ളവരുടെ സന്തതികളാണു നിങ്ങൾ. എന്റെ സഭയ്ക്കുവേണ്ടി ഞാൻ ജീവൻകൂടി വയ്ക്കും എന്ന മനോഭാവം വേണം."

- പ. ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

വി. ഗ്രന്ഥത്തിലൂടെ ഒരു തീർത്ഥാടനം



ഫീലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം രാജസ്ഥാൻ)



ആമുഖം

“ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും, വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം, പിതാക്കന്മാരോട് അരുളിചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്ന (എബ്രാ. 1:1)” വി. വേദപുസ്തകത്തിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ ദൈവത്തിന്റെ, മനുഷ്യനോടുള്ള അരുളപ്പാടുകളാണ്. ദൈവസൃഷ്ടിയായ മനുഷ്യൻ ലോകത്തിൽ നിന്നും ഏതു സമയത്തും ദൈവസന്നിധിയിലേക്ക് എടുക്കപ്പെടുന്നവനാണ്. അവൻ ദൈവഇഷ്ടപ്രകാരം ഭൂമിയിലും നിത്യതയിലും ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ആയതിലേക്ക് മനുഷ്യനെ നയിക്കുവാൻ വേണ്ടതായ അറിവുകൾ തരുന്ന വി. ഗ്രന്ഥമാണ് വി. വേദപുസ്തകം. ഇത് പരിശുദ്ധാത്മാവ് മുഖാന്തിരം പരിശുദ്ധന്മാരായ വ്യക്തികൾ എഴുതിയിട്ടുള്ള ലിഖിതങ്ങളാണ്. 66-ൽ അധികം പുസ്തകങ്ങളിലായി 40-ഓളം എഴുത്തുകാർ ഇതിൽ എഴുതിയിട്ടുണ്ട്. ഏകദേശം 1600-2000 വർഷങ്ങളോളം സമയത്തിനുള്ളിൽ എഴുതിയ മഹിമയേറിയ രക്ഷയുടെ വചനമാണ് ഈ പുസ്തകം. ബി. സി. 1500 മുതൽ എ.ഡി. 100 വരെയുള്ള നൂറ്റാണ്ടുകളിൽ ഇവ എഴുതപ്പെട്ടു.

വി. വേദപുസ്തകം വളരെ അതിശയകരമായ ഒരു ഗ്രന്ഥമാണ്. അതിൽ മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അടങ്ങിയിട്ടുണ്ട്. ഇത് നിരവധി ഗ്രന്ഥങ്ങളുടെ സമാഹാരമാണ്. നിയമം, ചരിത്രം, തത്വശാസ്ത്രം, പദ്യങ്ങൾ, പ്രവചനങ്ങൾ, വെളിപാടുകൾ, രക്ഷാമാർഗ്ഗങ്ങൾ, സാരോപദേശങ്ങൾ എന്നിവ ഇതിൽ അടങ്ങിയിരിക്കുന്നു. അങ്ങനെ വി. വേദപുസ്തകം, മനുഷ്യന് ദൈവത്തിങ്കലേക്ക് എത്തുവാൻ ലോകജീവിതം ഭാഗ്യകരമാക്കുവാൻ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പരിശുദ്ധന്മാരാൽ എഴുതപ്പെട്ട ഒരു പാവന ഗ്രന്ഥമാണ്. ഇത് വിവിധ കാലഘട്ടങ്ങളിൽ എഴുതിയതാണെങ്കിലും ദൈവിക സംവേദനത്തിന്റെ വിവിധങ്ങളായ അടയാളങ്ങളാണ് വേദഗ്രന്ഥങ്ങളിൽ അവതരിപ്പിക്കുന്നത്. അവയുടെ ചരിത്ര പശ്ചാത്തലവും സന്ദർഭവും രചനാരീതിയും, ഭാഷാശൈലിയും തിരിച്ചറിയുമ്പോൾ വേദവായനയുടെ അർത്ഥവും വ്യപ്തിയും ഫലപ്രദമായി തീരും. ബൈബിൾ ചരിത്രവും, സംസ്കാരവും ദർശനവും ആഴമായി ഉൾക്കൊള്ളുമ്പോൾ ബൈബിൾ വായന ആന്തരിക നയനങ്ങളെ പ്രകാശിപ്പിക്കും.

വി. വേദപുസ്തകത്തെ രണ്ടായി തിരിക്കാം. പഴയനിയമവും (Old Testament) പുതിയനിയമവും (New Testament). ബൈബിൾ (Bible) എന്ന വാക്ക് ഗ്രീക്ക് ഭാഷയിലുള്ള (Biblos) ബിബ്ലോസ് എന്ന വാക്കിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്. ടെസ്റ്റമെന്റ് (Testament) എന്ന വാക്കിന് നിയമം അല്ലെങ്കിൽ ഉടമ്പടി എന്നാണ് അർത്ഥമാക്കുന്നത്. ക്രിസ്തുവിന് മുമ്പ് യഹോവയായ ദൈവവും മനുഷ്യനുമായുള്ള ഉടമ്പടിയാണ് പഴയനിയമം (Old Testament). എന്നാൽ പുതിയ നിയമം (New Testament) യേശുക്രിസ്തു മുഖാന്തിരം ലഭിച്ച നിയമം ആണ്. പഴയനിയമം മോശയും പ്രവാചകന്മാരും പുതിയനിയമം യേശുക്രിസ്തു മുഖാന്തിരവും ലഭിച്ചു. പഴയ നിയമം 39 പുസ്തകങ്ങളും പുതിയ നിയമം 27 പുസ്തകങ്ങളും ഉണ്ട്. ഇതു കൂടാതെ ഇതര കാനോനിക ഗ്രന്ഥങ്ങൾ ഏഴിലധികം ഉണ്ട്. പഴയനിയമം മിക്കവാറും എഴുതപ്പെട്ടത് എബ്രായ ഭാഷയിലാണ്. ചുരുക്കം ചിലത് അരാമിക്ക് ഭാഷയിലും. ക്രിസ്താബ്ദം ആരംഭിക്കുന്നതിന് ഏകദേശം നൂറ് വർഷങ്ങൾക്ക് മുമ്പേ പഴയനിയമം ഗ്രീക്ക് ഭാഷയിൽ പരിഭാഷപ്പെടുത്തിയിരുന്നു. പുതിയനിയമം എഴുതപ്പെട്ടത് ഗ്രീക്ക് ഭാഷയിലാണ്. ഇംഗ്ലീഷ് വേദപുസ്തകത്തിന്റെ ഉദ്ഭവം മേൽപറഞ്ഞ ഭാഷകളിൽ നിന്നുമാണ്. മലയാള വേദപുസ്തകം ഗ്രീക്ക് ഭാഷയിൽ നിന്നും തർജ്ജിമ ചെയ്തിട്ടുള്ളതാണ്.

(തുടരും)

തിരഞ്ഞെടുപ്പ് തടയണമെന്ന വിഘടിത വിഭാഗം ആവശ്യം സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: ഓർത്തഡോക്സ് മെത്രാപ്പൊലീത്ത തിരഞ്ഞെടുപ്പ് തടയണമെന്ന വിഘടിത വിഭാഗം വിശ്വാസികളുടെ ഹർജി അടിയന്തിരമായി പരിഗണിക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി. മൂന്നാഴ്ചയ്ക്ക് ശേഷം ഹർജി വീണ്ടും പരിഗണിക്കുമെന്നാണ് സുപ്രിംകോടതി വ്യക്തമാക്കിയത്. ഈ മാസം 25-നു നടക്കുന്ന മെത്രാപ്പൊലീത്താമാരുടെ തിരഞ്ഞെടുപ്പിനെതിരെ ആയിരുന്നു സുപ്രിംകോടതിയിൽ അപേക്ഷ സമർപ്പിക്കപ്പെട്ടിരുന്നത്. 25-ന് തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ അടിയന്തരമായി അപേക്ഷ പരിഗണിക്കണമെന്നും ആവശ്യമുണ്ടായിരുന്നു. എന്നാൽ കോടതി ആ ആവശ്യം തള്ളുകയായിരുന്നു.



ഡോ യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ മാരാമൺ കൺവൻഷനിൽ വചന ശുശ്രൂഷ നടത്തി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

മൃതിയാർന്നൊരെ സൗഭാഗ്യം....



സകല വാങ്ങി പോയവരുടെയും ഞായർ

വി. ലൂക്കോസ്.12: 32–49

ഫാ. കെ. കെ. വർഗീസ്

ഈ അധ്യായത്തിൽ കർത്താവ് ശിഷ്യന്മാരെയും ജനക്കൂട്ടത്തെ പഠിപ്പിക്കുന്നതിന്റേ തുടർച്ചയായ വിവരണമാണ്. 59 വാക്യങ്ങൾ ഉള്ള പ്രസ്തുത അദ്ധ്യായത്തിന്റെ പൊതുവായ ഉള്ളടക്കം മൂന്നായി തരംതിരിക്കാവുന്നതാണ്.

12:1/12. മനുഷ്യരുടെ മുമ്പാകെ നമ്മുടെ കർത്താവിനെ അംഗീകരിച്ചു പറയുക എന്നതാണ് ഉള്ളടക്കം. പരീക്ഷ ന്മാരുടെ പഠിപ്പിക്കൽ കാപട്യം ആണെന്നും, ആത്മാവിനെ നരകത്തിൽ ഇടുവാൻ അധികാരമുള്ള ദൈവത്തെയാണ് ഭയപ്പെടേണ്ടത് എന്നും, മനുഷ്യന് മുൻപാകെ അവനെ അംഗീകരിക്കുന്നവർ സ്വർഗ്ഗത്തിൽ അവനാൽ അംഗീകരിക്കപ്പെടും എന്നും വിശദീകരിക്കുന്നു.

12:13/34. ദൈവത്തിന് നന്ദി കരേറ്റുക. ദൈവമുമ്പാകെ നന്ദിയുള്ളവർ ആവുകയും, ജീവനെ പറ്റി ബോധവും ബോധ്യവും ഉള്ളവരായി ജീവിക്കുകയും, ദാനധർമ്മങ്ങൾ വഴി സ്വർഗീയ നിക്ഷേപം സമ്പാദിക്കുകയും ചെയ്യുന്നതിനെ പറ്റിയുള്ള ഉപമകൾ.

12:35/59. ദൈവിക പഠിപ്പിക്കലുകൾ ധ്യാനിക്കുക. വിശ്വസ്ത ദാസരുടെ ഉപമകൾ, ജ്ഞാനിയായകാര്യസ്ഥൻ, മടിയനായ ദാസൻ, കുരിശു മരണത്തിലൂടെ നിറവേറ്റപ്പെടുന്ന പിതാവിന്റെ പദ്ധതികൾ, അപരനോട് സമാധാനത്തിൽ ആയിരിക്കേണ്ടതിന്റെ ആവശ്യകത എന്നിവയുടെ പഠിപ്പിക്കലിന്റെ വിശദീകരണങ്ങൾ കാണാവുന്നതാണ്.

35 മുതൽ 48 വരെയുള്ള വാക്യങ്ങളിൽ പ്രധാനമായും ശ്രദ്ധിക്കേണ്ടതു മൂന്ന് ഉപമകളുടെ വിവരണമാണ്.

1: യജമാനൻ വിവാഹ വിരുന്ന് കഴിഞ്ഞ് വരുമ്പോൾ അവനെ പ്രതീക്ഷിച്ച് ജാഗ്രതയോടെ ഇരിക്കുന്ന ദാസർക്ക് വാഗ്ദാനം ചെയ്യപ്പെടുന്ന അനുഗ്രഹങ്ങൾ. [12:35/38]

2: വീട് തുരക്കാൻ വരുന്ന കള്ളനെപ്പറ്റി ജാഗരൂകരാകുക.അല്ലാത്ത വർക്ക് ന്യായവിധി ഉണ്ടാവും എന്ന് മുന്നറിയിപ്പ്. [12:39/40]

3: വിശ്വസ്തരും അവിശ്വസ്തരുമായ ദാസന്മാർ പ്രാപിക്കുവാൻ പോകുന്ന പ്രതിഫലങ്ങൾ. [12:41/48]

ദാസന്മാരെ നന്നായി അറിയുന്ന യജമാനന്റേ ഇഷ്ടം, അവർ പക്ഷേ അറിഞ്ഞില്ല എന്ന പോരായ്മയും വീഴ്ചയും ഇവിടെ പരാമർശിക്കപ്പെടുന്നു.

ഭയപ്പെടേണ്ട (12/32) കർത്താവ് തന്റെ ശിഷ്യന്മാരോട്, യാതൊന്നിനെ കുറിച്ചും ഭാരപ്പെടുകയോ ഉത്കണ്ഠാകുലരാവുകയോ ചെയ്യേണ്ടതില്ല എന്ന് ധൈര്യപ്പെടുത്തുന്നു. എന്തെന്നാൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ ആവശ്യങ്ങളെ അറിയുന്നവനാണ്, (12/30). അന്വേഷിക്കുന്നവർക്ക് അവൻറെ രാജ്യവും അതോടൊപ്പം സകല ആവശ്യങ്ങളും ലഭിക്കപ്പെടുമെന്ന് വചനം പറയുന്നു (വാക്യം 31).

ചെറിയ ആട്ടിൻകൂട്ടം (12/)32

'ആടുകൾ' എന്ന പ്രയോഗത്തിന് പിന്നിൽ ഒരു പഴയ നിയമ സൂചന കൂടി കണ്ടെത്താൻ ആവുന്നുണ്ട്. യേഹസ്കയെൽ 34:11/21 വരെയുള്ള ഭാഗങ്ങളിൽ, വിശ്വസ്തരുടെ ഇടയനായി സ്വയം തന്നെ പരിചയപ്പെടുത്തുന്ന യഹോവയുടെ ചിത്രമുണ്ട്. ഇവിടെ തന്റെ ശിഷ്യന്മാരെയും തുടർന്ന് ആദിമ സഭയെയുമാണ് ചെറിയ ആട്ടിൻകൂട്ടം എന്ന പദപ്രയോഗം വഴി പരിചയപ്പെടുത്തുന്നത് എന്ന് വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

വിറ്റു ഭിക്ഷ കൊടുപ്പിൻ (12/33)

വിശുദ്ധ ലൂക്കോസ് തന്റെ സുവിശേഷത്തിലും (3:10 11, 6:38, 10:3335, 11: 49, 19:8,) അപ്പോസ്തല പ്രവർത്തിയിലും(6:14,10:4, 11:2930,20:35) ദാനധർമ്മം നിർവഹിക്കുന്നതിന്റെ മഹത്വത്തെപ്പറ്റി വിവരിക്കുന്നുണ്ട്. അതോടൊപ്പം തന്നെ വിശുദ്ധ ലൂക്കോസ്, സ്വകാര്യ സമ്പാദ്യം പൊതു വകയായി എണ്ണിയ ആദ്യകാല ശിഷ്യ സമൂഹത്തെയും, പണത്തോടും, സ്വത്തിനോടുമുള്ള വിശ്വാസപരമായ സമീപനത്തിന്റെയും (faith filled approach to money and property) ചിത്രങ്ങൾ കൂടി നൽകുന്നുണ്ട്.

പഴകി പോകാത്ത പണസഞ്ചികളുടെ നിക്ഷേപം.(12/33) ദാനധർമ്മത്തിനെ പറ്റി പറയുമ്പോൾ, വെറും കാര്യമാത്രപ്രസക്തമായ, ചടങ്ങ് മാത്രമായ, ഒന്നിനെ പറ്റിയല്ല നമ്മുടെ കർത്താവ് പഠിപ്പിക്കുന്നത്. നമ്മൾക്ക് ആവശ്യമില്ലാത്ത എന്തെങ്കിലും നൽകുന്നതിനെപ്പറ്റിയും അല്ല.

മോഷണത്തിനു നാശത്തിനും വിധേയമാവുന്ന സംഗതികൾ സ്വർഗ്ഗത്തിലെ തീരാ നിക്ഷേപങ്ങൾക്ക് മുഖാന്തരമാവും എന്ന വാഗ്ദാനം ശ്രദ്ധിക്കുക. താൽക്കാലികമായി മാത്രം പ്രയോജനപ്പെടുന്ന സംഗതികൾ നിത്യതയിൽ ഉടനീളം നമ്മുടെ സ്ഥിരനിക്ഷേപമായി മാറുന്നു എങ്കിൽ അത് മനസ്സിലാക്കുന്ന ബുദ്ധിമാനായ ദാസനായി മാറുവാൻ നാം ശ്രമിക്കുകയും ശ്രദ്ധിക്കുകയും വേണം.

(അതോടൊപ്പം തന്നെ കൃപയാൽ ഉള്ള രക്ഷ, പ്രവർത്തിയാലുള്ള രക്ഷ എന്നീ രണ്ട് അനുഭവങ്ങൾ തമ്മിലുള്ള വ്യത്യാസം കൂടി ഓർത്തിരിക്കേണ്ടതായിട്ടുണ്ട്. ക്രിസ്തുവുമായുള്ള ബന്ധം പരിഗണിക്കാതെ, ജീവകാരുണ്യ പ്രവർത്തികൾ കൊണ്ട് നമ്മുടെ രക്ഷയെ നേടാൻ ആവും എന്ന തോന്നൽ ഉണ്ടാവാതെയും കൂടി ശ്രദ്ധിക്കണം)

കാത്തു നിൽക്കുന്നവരുടെ മൂന്ന് പ്രത്യേകതകൾ (12:35/36)

നമ്മുടെ കർത്താവ് യജമാനന്റെ വരവ് പ്രതീക്ഷിച്ച്, കാത്തുനിൽക്കുന്ന ദാസനെ പറ്റി പറയുന്നത് ഇപ്രകാരം സംഗ്രഹിക്കാം. അര കെട്ടി (തയ്യാറായി), വിളക്ക് കത്തിച്ച് (ക്രമീകരണങ്ങൾ ചെയ്തു), കാത്തിരിക്കുക (പ്രത്യാശയോടെ ഇരിക്കുക).

അരകെട്ടി എന്നത് പ്രവർത്തന സന്നദ്ധതയെ സൂചിപ്പിക്കുന്നതാണ്. സ്വീകരിക്കാൻ ആവശ്യമായ ഒരു തയ്യാറെടുപ്പ് എപ്പോഴും ഒരു ദാസൻ പുലർത്തുകയും പുലർത്തുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. യജമാനൻ വന്നുകഴിഞ്ഞല്ല ഇപ്രകാരം ഒരുങ്ങേണ്ടത്. ഒരുങ്ങി നിന്നുതന്നെ സ്വീകരിക്കുക, അല്പംപോലും താമസിക്കാതെ.

വിളക്ക് കത്തിച്ച്

നല്ല ദാസൻ യജമാനന്റെ മടങ്ങിവരവിന്റെ ശബ്ദം പ്രതീക്ഷിച്ചു നിൽക്കും. രാത്രി എപ്പോഴോ എത്തുന്ന യജമാനൻ, ഇരുട്ടു നിറഞ്ഞ വഴിയിലൂടെ വരുമ്പോൾ, തനിക്കുവേണ്ടി വിളക്ക് കത്തിച്ച്, തനിക്ക് ആവശ്യമായ സൂചനകൾ നൽകി തന്നെ പ്രതീക്ഷിച്ചു നിൽക്കുന്ന ദാസനെ കാണുവാൻ ഇടവരുന്നു. യജമാനൻ തന്റെ ദാസനിൽ പ്രീതൻ ആവുന്നു. ഇതുപോലെതന്നെ, ആവശ്യമായ ക്രമീകരണങ്ങളോടെ തൻറെ യജമാനനായ കർത്താവിനെ പ്രതീക്ഷിച്ച് ജാഗ്രതയോടെ നിൽക്കുന്ന വിശ്വാസിക്ക് തന്റെ രണ്ടാമത്തെ വരവിൽ തന്നെ അവനെ സ്വീകരിക്കുവാനും, തന്റെ പുനരാഗമനം ഒരു അപ്രതീക്ഷിത സംഭവമല്ല മറിച്ച് പ്രതീക്ഷയോടെ നോക്കി പാർത്ത മഹാ സംഭവത്തിന്റേ പൂർത്തീകരണം എന്ന നിലയിൽ അതിനെ സ്വീകരിക്കാനുമാവും.

കാത്തിരിക്കുക യജമാനനെ മടങ്ങി വരവിനായി അർപ്പണബോധത്തോടെ കാത്തിരിക്കുക എന്നത് ദാസന്റെ കർത്തവ്യമാണ്. വിരുന്നിൽ പങ്കെടുത്ത സന്തോഷകരമായ മാനസികാവസ്ഥയോടെ വരുന്ന യജമാനനെ ആ മാനസികാവസ്ഥയിൽ തുടരുവാൻ തക്കവിധം സ്വീകരിക്കുവാൻ വേണ്ടി ദാസൻ പ്രതീക്ഷിച്ചു നിൽക്കണം. മറിച്ച് സ്വീകരണത്തിലെ, എതിരേൽപ്പിലെ പോരായ്മകൾ

മൂലം യജമാനനു അനിഷ്ടവും അപ്രീതിയും ഉണ്ടാകുവാൻ ഇടയാകരുത്.

ശുശ്രൂഷകളുടെ മാനം

ശുശ്രൂഷിക്കുക എന്നത് മാന്യമായ ഒരു ദൗത്യമാണ്. നമ്മുടെ കർത്താവ് വന്നത് ശുശ്രൂഷക്കുവാനാണ്.(വി. ലൂക്കോസ് 22:27) അതിനാൽ തന്നെ അത് നമ്മുടെ മാന്യമായ ദൗത്യമായി കാണണം. ഒരുപക്ഷേ അനഭിലഷണീയമായ ഒരു സംഗതിയെ (വി.യോഹന്നാൻ23:1/17) നമ്മുടെ കർത്താവ് മഹത്തായ പദവിയുടെയും ബഹുമാനത്തിനും ചടങ്ങായി ഉയർത്തി.

നയിക്കുക എന്നത് ശുശ്രൂഷയുടെ രൂപഭേദം ആണ്

നമ്മുടെ കർത്താവ് ശിഷ്യ സമൂഹത്തിന് മുൻപന്തിയിൽ നിന്ന് അവരെ നയിക്കുകയും അവരെ പലപ്പോഴും ചേർത്തുപിടിച്ച് സാന്ത്വനിപ്പിക്കുകയും ഒക്കെ വഴി നേതൃത്വം എന്നത് ശുശ്രൂഷയാണ് എന്ന് പഠിപ്പിച്ചു. മറ്റുള്ളവരുടെ സേവനം ലഭിക്കുവാൻ ആയിട്ടാണ് തങ്ങൾ നേതൃനിരയിൽ ഇരിക്കുന്നത് എന്ന് കരുതുന്ന നേതൃസ്ഥാനങ്ങൾ നേതൃത്വം ശുശ്രൂഷയുടെ പ്രഥമ പടി എന്ന് അറിഞ്ഞിരുന്നെങ്കിൽ.. (വി.മർക്കോസ് 10:45/42, 1 പത്രോസ് 5:1-3)

ശുശ്രൂഷകർ സ്നേഹിതന്മാർ ആയിത്തീരുന്നു ഒരുക്കമുള്ള ദാസന്മാരിൽ പ്രീതനായ യജമാനൻ അവരെ പന്തിക്കിരുത്തി ഭക്ഷണം വിളമ്പി കൊടുക്കും എന്നു പറയുന്നു. വിശുദ്ധ യോഹന്നാൻ 15:14/15 വരെ, 'ഇനി ഞാൻ നിങ്ങളെ ദാസൻ അല്ല സ്നേഹിതർ എന്ന് വിളിക്കുമെന്ന്' പറയുന്നു. നമ്മുടെ കർത്താവിനെ സേവിക്കുന്നത് മഹത്വം ആണെങ്കിൽ, സഭാ ഗോത്രത്തിന്റേ ഭാഗമായ അപരനെ സേവിക്കുന്നതും ശുശ്രൂഷിക്കുന്നതും എപ്രകാരമായി തന്നെ കാണുവാൻ നമുക്കാവണം.

മുന്നറിയിപ്പിന്റെ വാക്കുകൾ (12:39/40)

വ്യത്യസ്തമായ രണ്ട് ചിത്രങ്ങൾ ഇവിടെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

യജമാനൻ /ദാസൻ. ഉടമ/കള്ളൻ.

ഒന്നാമത്തെ ചിത്രം യജമാനനെ പ്രതീക്ഷിച്ച് കാത്തിരിക്കുന്നവർക്ക് പ്രോത്സാഹനമാണ്. ദാസനാൽ സ്വാഗതം ചെയ്യപ്പെടുന്ന യജമാനൻ ആയതിനു പ്രതിഫലം നൽകി ദാസനെ ആദരിക്കുന്നതായി കാണാം. യജമാനന് വീടിൻറെ ഉടമസ്ഥത ഉണ്ട്. അതുകൊണ്ട് തന്നെ വിശ്വസ്ത ദാസൻ, വീടിൻറെയും തൻറെയും ഉടമസ്ഥനും യജമാനനുമായവനെ കാത്തിരിക്കുന്ന മനോഹരമായ ഒരു അനുഭവമാണ് ഇവിടെയുള്ളത്. തന്റെ യജമാനനെ കാത്തിരിക്കുന്നവൻ, വാതിൽ തുറന്നു തന്നെ സ്വീകരിക്കുക മാത്രമല്ല, യജമാനനാൽ താൻ ആദരിക്കപ്പെടുകയും, ശുശ്രൂഷക്കപ്പെടുകയും കൂടി ചെയ്യും. തനിക്ക് മുൻപ് ഇല്ലാതിരുന്ന പലതും യജമാനനിൽ നിന്ന് തനിക്ക് ലഭിക്കും. (....ഇനി മുതൽ ദാസനെന്നല്ല സ്നേഹിതനെന്ന് വിളിക്കപ്പെടും).

എന്നാൽ രണ്ടാമത്തെ ഭാഗത്ത് കർത്താവിൻറെ വരവിനായി പ്രതീക്ഷിക്കാതെ, ഒരുക്കം ഇല്ലാത്തവരായി കാണപ്പെടുന്ന വീട്ടുടയവനെ അപ്രതീക്ഷിതമായി കടന്നു വരുന്ന കള്ളൻ എന്നിങ്ങനെയാണ് വിവരണം. വീട്ടുടയവനാൽ സ്വാഗതം ചെയ്യപ്പെടാത്ത കള്ളന്റേ വരവ് ദുരന്തം വിളിച്ചു വരുത്തുന്നതാണ്. അപ്രതീക്ഷിതമായി കടന്നുവരുന്ന ഒരു കള്ളൻ ആയിട്ടാണ് ക്രിസ്തുവിനെ ചിത്രീകരിക്കുന്നത്. കള്ളൻ ആവശ്യമില്ലാത്തവനും അനധികൃതമായി അപഹരിക്കുന്നവനും ആണ് (He is viewed as unwanted and unauthorised taker). 'വാതിൽ തുരന്ന് ', അകത്തുകയറി സ്വത്തുക്കൾ അപഹരിക്കുന്നവൻ. അവൻ വരുമ്പോൾ, തന്റേത് (my own)എന്ന് കരുതുന്ന പലതും, തന്നെ പറ്റി (Him) ബോധമില്ലാതെ ജീവിക്കുന്നവന് നഷ്ടപ്പെടുത്തേണ്ടി വരും.



പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാർ ബസേലിയോസ് എൽ.പി. സ്കൂളിന്റെ ആധുനിക രീതിയിൽ പണികഴിപ്പിച്ച കെട്ടിടം പ. കാതോലിക്കാ ബാവാ കൂദാശ ചെയ്തു. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ സഹ കാർമ്മികനായിരുന്നു.

ദിവന്നാസിയോസ് മെത്രാപ്പൊലീത്തയുടേത് കാലത്തിന് മായ്ക്കാനാവാത്ത മഹത്ത്വം- കാതോലിക്കാ ബാവാ

മല്ലപ്പള്ളി ▸ പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയസ് മെത്രാപ്പൊലീത്തയിൽനിന്ന് ഒപ്പിയെടുത്ത പ്രാർഥനാ ജീവിതമുള്ള പുണ്യപുരുഷനായിരുന്നു വട്ടശ്ശേരിൽ മാർ ദിവന്നാസിയോസെന്ന് ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. മലങ്കര സഭാഭാസുരൻ ദിവന്നാസ്യോസ് മെത്രാപ്പൊലീത്തായുടെ 88-ാമത് ഓർമപ്പെരുന്നാളിൻെറ ഭാഗമായി മല്ലപ്പള്ളി ബഥനി ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സൂര്യനെപ്പോലെ ചരിത്രത്തിൽ തിളങ്ങിനിന്നു. ശക്തനായ ഭരണകർത്താവും വിനയാന്വിതനായ വേദപണ്ഡിതനുമായിരുന്നു. മലങ്കര സഭയ്ക്ക് പകരംവയ്ക്കാനില്ലാത്ത വ്യക്തിത്വമാണ് ദിവന്നാസിയോസ് മെത്രാപ്പൊലീത്ത -ബാവ പറഞ്ഞു.

ഫാ.പി.കെ. ഗീവറുഗീസ്, ഫാ. ജോർജ് പി. ഏബ്രഹാം, കുഞ്ഞുകോശി പോൾ , പോളസ് ഈപ്പൻ, മത്തായി ജോയി,



മലങ്കര സഭാഭാസുരൻ ദിവന്നാസിയോസ് മെത്രാപ്പൊലീത്തായുടെ 88-ാമത് ഓർമപ്പെരുന്നാളിനോടനുബന്ധിച്ച് മല്ലപ്പള്ളി ബഥനി ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്ന അനുസ്മരണ സമ്മേളനം ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്യുന്നു

അഡ്വ .പ്രസാദ് ജോർജ്, ബാബു താഴത്തുമോടയിൽ, സജി മാത്യു എന്നിവർ പ്രസംഗിച്ചു.

ഉദ്ഘാടനത്തിനായി എത്തിയ കാതോലിക്കാ ബാവായെ ഇടവകയുടെ നേതൃത്വത്തിൽ പള്ളി കവാടത്തിൽനിന്നും സ്വീകരിച്ചാനയിച്ചു. ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് ഗീത കുര്യാക്കോസ്, തിരുമാലിട ഹൈന്ദവ സേവാ സംഘം പ്രസിഡൻറ് എസ്. മനോജ്, എൻ.എസ്.എസ്. പ്രതിനിധി ടി .എസ്. ചന്ദ്രശേഖരൻ നായർ , വ്യാപാരി വ്യവസായി ഏകോപനസമിതി പ്രസിഡൻറ ഇ.ഡി. തോമസുകുട്ടി തുടങ്ങിയവർ ആദരിച്ചു.

കാട്ടകാമ്പാലച്ചൻ ഓർമയായി



ഫാ.പി.സി.സൈമണെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ ആദരിക്കുന്നു(ഫയൽ ചിത്രം)

കുന്നംകുളം ഭദ്രാസനത്തിലെ സീനിയർ വൈദികൻ ഫാ. പി. സി. സൈമൺ പുലിക്കോട്ടിൽ കാട്ടകാമ്പാൽ നിര്യാതനായി. പരിശുദ്ധനായ പാമ്പാടി തിരുമേനിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ച പട്ടക്കാരനാണ്.

കാട്ടാകാമ്പൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയാണ് ആണ് മാതൃ ഇടവക. അറുപത് വർഷം മാതൃ ഇടവകയിൽ തുടർച്ചയായി വൈദികസേവനം അനുഷ്ഠിച്ചിട്ടുണ്ട്.

എം.ഡി. കോളജ് സ്ഥാപക ഗവേണിംഗ് അംഗവും മലങ്കരസഭയുടെ കാട്ടാകാമ്പാൽ സ്കൂളിന്റെ പ്രഥമ മാനേജർ ആയിരുന്നു. ശവസംസ്കാരം ഇടവകപള്ളിയിൽ നടത്തി.

His flock

(St. Luke 12:32-49)

Fr. Nithin V. Rajan



"Fear not, little flock; for it is your Father's good pleasure to give you the kingdom. Sell that ye have, and give alms; provide yourselves bags which wax not old, a treasure in the heavens that failed not, where no thief approacheth, neither moth corrupteth. For where your treasure is, there will your heart be also". This verse is a very comforting one as it encourages us to be like what is expected out of a Christian. Usually we all like to go in the flow but Christ wants us to move against the current. The Airline companies advertise always saying 'less luggage more comfort'. Our Christian life also will be memorable and spiritual when we have less luggage to carry. We are happy to say so but when it comes to practice we are usually opposite category who are the ones who exploit this universe. We forget that there are more generations who are supposed to be in this universe.

Heavenly Account balance:

We are so much glued to our earthly life that we forget the truth that we have to leave this temporary abode in short time and go to become one with our Creator. This thought can change the attitude of life. If we are so much worried about our earthly home, how much more we need to be about our heavenly place. Do we have an account in heaven? Or do we need to start one and deposit in it daily.

How do we increase our heavenly treasures? It happens when we reduce our earthly accumulation by sharing and caring. Making money by hard work is not wrong but when we use it only for us it becomes a sin. This week we remembered His Grace Dr. Geevarghese Mar Osthathios of blessed memory. One of bishop's famous writings is *'Sin of being Rich in a poor world'*. We see this in the incident of the rich man and Lazarus. ***St. Luke 16:19-31*** we see the rich man landing in Hades after his death and the poor man Lazarus in the bosom of Abraham, Isaac and Jacob. This is called the 'Sin of omission' when the rich man enjoyed life he forgot to look into the needs of others. This made the rich man cry for water and help but nothing was heard. Now is the time, let us not delay in our duty towards God and His creation.

Each day our journey to Heavenly Zion is becoming closer. We need to make hay when the sun shines. The day and hour is nearing, be prepared, the scriptures are calling out to us. Each day is a new beginning. Each day is a reminder for us, especially this Sunday when we remember all our departed souls they also want to say us the same things. Be prepared as the day is coming when we cannot do anything. 'What profit do I have from the possession', says the soul to the body when they are separated. If I have done good works, it would be like a bridge to cross over the place of danger and reach the shores of heaven.

We think there is time, there is time and keep postponing important things for eternity. We do not know when our Lord will call us. We need to be prepared anytime to leave our earthly abode and go to the place God commands us. Life has uncertainties but eternity is certain. Satan wants all to join his troop so will keep us busy in worldly things. We fall easily into his trap willingly and unwillingly. Life is easy but we complicate it by overthinking and underestimating it. If God has brought us to a new day, He knows what we need for the day also. Then why we need to worry. As the scriptures says in ***St. Matthew 6:25-27*** *"Therefore I tell you, do not worry about your life, what you will eat or drink; or about your body, what you will wear. Is not life more than food, and the body more than clothes? Look at the birds of the air; they do not sow or reap or store away in barns, and yet your heavenly Father feeds them. Are you not much more valuable than they? Can any one of you by worrying add a single hour to your life?*

God hates people who knows the truth and yet falls to evil. Jesus reminds us the punishment of such cases will be more. ***Luke 12:48*** "*But he that knew not, and did commit things worthy of stripes, shall be beaten with few stripes. For unto whomsoever much is given, of him shall be much required: and to whom men have committed much, of him they will ask the more*".

God loves a joyful giver -"The Joy of Giving":

In a telephonic interview, the Radio Announcer asked his guest, a millionaire, "What made you happiest in life?"

The millionaire said:

I have gone through four stages of Happiness in Life and Finally I understood the meaning of True Happiness.

Ï% The *First Stage* was to Accumulate Wealth and Means. But at this Stage I did not get the happiness I wanted.

Ï% Then came the *Second Stage* of collecting valuables and items. But I realized that the effect of this thing is also temporary and the value of things does not last long.

Ï% Then came the *Third Stage* of getting big projects, like buying a football team, buying a tourist resort, etc. But even here I did not get the happiness I had imagined.

Ï% The *Fourth time* a friend of mine asked me to buy some wheelchairs for some disabled children.

At the friend's request, I immediately bought the wheelchairs. But my friend insisted me to go with him and hand over the wheelchairs to the children myself. I got ready and went with him. There I gave the Wheel Chairs to these Children with my own hands. I saw the great glow of happiness on the faces of these children. I saw them all sitting on the chairs, moving around and having fun. It was as if they had arrived at a picnic. But I felt the real joy when I started to leave and one of the kids grabbed my leg. I gently tried to free my leg - but the child stared at my face and held my leg tightly.

I bent down and asked the child: "Do you need anything else?" The answer that this child gave me not only made me happy but also changed my life forever. The Child said: "I want to remember your face so that when I meet you in Heaven, I will be able to recognize you and thank you once again."

Let us also keep vigil and pray so that we too will be counted worthy of the Heavenly Kingdom. Amen.

❑

Article



PROUD TO BE A TEACHER

Fr. Dr. P. S. Varghese
(Vicar MGOS Church, Dimapur & Principal, MGM College, Dimapur, Nagaland)

"Education is not only a ladder of opportunity; but is also an investment in our future." (Ed Markey)

John Edward Markey is a lawyer, politician, and former military officer who served as the junior United States senator from Massachusetts. In his opinion, education should be viewed more as an investment in our future than just as a ladder to opportunity. Education is not about obtaining a master's degree, a job in a multinational company, a Manson, or a Ferrari, but rather about changing one's life for the betterment of all.

"The education which the people receive from the state is supposed to be for life building and for the development of the community. Unfortunately, now the core concepts of education are diverting from its preliminary notion. It is the high time to recapture the qualities of educational values from the holistic perspective, which is for the development of body, mind and spirit." (Shibu Varghese,2020).

A compassionate heart, a virtuous person, who cares for the human race as well as nature, will be needed in the coming days. Individuals with this kind of vision can improve their quality of life as well as the surrounding environment.

It is the nature of the fast-moving world that everyone strives to speed up and be the winner. All are in a hurry to compete with each other, whether they are right or wrong.

Real education will enable us to think and act. It also helps us not to blindly follow anything. There are times when we need to look beyond and maintain the decorum of society. Ultimately, a good and value-oriented education increases human capital. As educators, we have a very important role to play in this. Those who are able to recognize their inner calling will be true educators.

Further, Education is a great leveler and is the best tool for achieving economic and social mobility, inclusion, and equality (National Education Policy 2020).

Some countries, which are giving primary importance and investment in the educational field, like Finland, Iceland, Australia and New Zealand are giving unique opportunities to all the students to compete well irrespective of their societal background. It has been proven that a good education has helped the students to find a good job and a better living standard across the world (Royston Soares,2013).

Further, Education means a lot, not only the success rate of the school or individual in a limited space; rather it helps the individuals to acquire knowledge, competency, and socially useful skills (Shibu Varghese,2020)

Education also plays a major role in public health, civic sense, active participation in community and political interest with happiness in their life. To a major extent it also helps to eradicate poverty and economic generation. Today parents are not only concerned for better education but also they want their ward to be looked after by good teachers of high morals to sustain in this ever evolving world with immense potential to be known as global citizens. So, the studies show that today's parents are ever ready to spend their disposable income for the education of their children, as a good investment (Royston Soares,2013)

An investment advisor who is knowledgeable about asset management can give their client the best advice to get the maximum return on their investment. The most valuable asset is human capital, as well as the most valuable resource. A prospective investor consults their advisor for better guidance on their investment portfolio. A good educator should be a professional and competent advisor for every parent to discuss and get guidance for their biggest asset, their children in order to prepare them for a better future.

❑



പ. വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതവും ദർശനവും എന്ന ചരിത്ര സെമിനാർ മുൻ പി.എസ്.സി. ചെയർമാൻ ഡോ. കെ. എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. പഴയ സെമിനാരി മാനേജർ ഫാ. ജോസഫ് വർഗീസ്, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഡോ. പോൾ മണലിൽ , മുൻ എം.എൽ.എ. ജോസഫ് എം പുതുശ്ശേരി, ഡോ. കുര്യാസ് കുമ്പളകുഴി എന്നിവർ സമീപം.



തോട്ടയ്ക്കാട് മാർ അപ്രേം യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 'ഈ വേനലിൽ ഇത്തിരി വെള്ളം ഞങ്ങൾക്കൂടെ' പരിപാടിയുടെ ഭാഗമായി ദൈവാലയ പരിസരത്ത് പക്ഷികൾക്ക് കുടിനീരൊരുക്കുന്ന പരിപാടി ഫാ. ഡോ. ജോൺസ് ഏബ്രഹാം വാക്കച്ചേരിൽ ഉദ്ഘാടനം ചെയ്തു. ഫാ. മാത്യു പി. കുര്യൻ, ഡീക്കൻ ജോൺ പി. കുര്യൻ എന്നിവർ സന്നിഹിതരായിരുന്നു. മാർ അപ്രേം നേച്ചർ ക്ലബിന്റെ നേതൃത്വത്തിൽ ആണ് ഈ പദ്ധതി നിർവഹിച്ചത്.

സഭാചരിത്രം

നസ്രാണിപ്പട

മാർത്തോമാ നസ്രാണികൾക്ക് ഉണ്ടായിരുന്ന സായുധസേന. മധ്യകാലഘട്ടത്തിലെ രേഖകൾ പ്രകാരം എല്ലാ നസ്രാണി പുരുഷന്മാരും ആയോധനകലയിൽ പ്രാവീണ്യം നേടിയവരായിരുന്നു. അവരുടെ എല്ലാ കുടിയിരുപ്പുകളിലും സ്വന്തമായ ഓരോ സൈന്യവും ഉണ്ടായിരുന്നു. നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ ഒരിക്കലും രാഷ്ട്രീയ-ഭരണരംഗത്ത് പ്രവേശിക്കാത്ത നസ്രാണികൾ തങ്ങളുടെ വ്യാപാരത്തിന്റെയും ചരക്കുനീക്കത്തിന്റെയും അങ്ങാടികളുടെയും സംരക്ഷണത്തിനായാണ് ആയോധനകലയിൽ പ്രാവീണ്യം നേടിയത്. നസ്രാണികളെ കൂടാതെ ചില പ്രത്യേക ജാതികളിൽപ്പെട്ടവരടങ്ങിയ ഒരു സ്ഥിരം സൈന്യവും അവർക്കുണ്ടായിരുന്നു.

നസ്രാണിപ്പടയുടെ ഉദ്ഭവം എന്നാണെന്നു വ്യക്തമല്ല. 9-ാം ശതകത്തിലെ തരിസാപ്പള്ളി ചെപ്പേടിൽ തരിസാപ്പള്ളിയുടെയും അങ്ങാടിയുടെയും സംരക്ഷണം അറുനൂറ്റവർ എന്ന സായുധസംഘത്തെയാണ് ഏൽപ്പിക്കുന്നത് എന്നതിൽ നിന്നും 9-ാം ശതകത്തിനുശേഷമാണ് നസ്രാണികൾ ആയുധ പരിശീലനത്തിലേക്കു തിരിഞ്ഞതെന്നു വ്യക്തമാകുന്നു. വ്യാപാര ശൃംഖലയുടെ വിപുലീകരണവും മധ്യകാലഘട്ടത്തിൽ കേരളത്തിൽ നിലനിന്ന അരക്ഷിതാവസ്ഥയുമാകാം നസ്രാണികളെ സ്വന്തം സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഒരു സൈന്യം രൂപീകരിക്കുന്നതിനു പ്രേരിപ്പിച്ചത്.


നായർ പടയാളികളെപ്പോലെ ചിട്ടയായ ആയോധന പരിശീലനം നസ്രാണികൾക്കുണ്ടായിരുന്നു. പരമ്പരാഗത കളരികളിൽ പണിക്കർമാരുടെ കീഴിൽ 8 വയസ്സു മുതൽ 25 വയസ്സുവരെ കഠിനമായ പരിശീലനമാണ് അവർ നടത്തിയിരുന്നത്. നായന്മാരും നസ്രാണികളും ഈ പരിശീലനത്തിൽ പരസ്പരം സഹകരിച്ചിരുന്നു. നായർ പണിക്കർമാരുടെ കീഴിൽ നസ്രാണികളും നസ്രാണി പണിക്കർമാരുടെ കീഴിൽ നായന്മാരും പരിശീലനം നേടുന്നത് സാധാരണമായിരുന്നു. ഉദയംപേരൂർ ഇൻക്വിസിഷന്റെ കനോനകൾ ഈ വസ്തുത ശരിവയ്ക്കുന്നുണ്ട്. ഇന്നും നസ്രാണികളുടെ വിവാഹാവസരത്തിൽ മതഭേദം കൂടാതെ ആശാനെ നമസ്കരിച്ച് ദക്ഷിണ നല്കുന്നത് ഈ പാരമ്പര്യത്തിന്റെ ബാക്കിപത്രമാണ്.

ഇവർ നായർ പടയാളികളെപ്പോലെ നെറ്റിയിൽ കുറിധരിക്കുകയോ ദേഹത്ത് ഭസ്മം പൂശുകയോ ചെയ്തിരുന്നില്ല. എന്നാൽ തലയിലെ കുടുമയ്ക്കുള്ളിൽ ഒരു കുരിശു ധരിക്കുകയും നെറ്റിയിൽ ഒരു കുരിശു വരച്ചുവയ്ക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. വാളും പരിചയും, വേൽ അഥവാ കുന്തം, തോക്ക് ഇവയിൽ ഏതെങ്കിലും ഒരു ആയുധം കൂടാതെ നസ്രാണികൾ സ്വന്തം വീട്ടിൽ നിന്നു പുറത്തിറങ്ങില്ലായിരുന്നു. എങ്കിലും പള്ളിക്കുള്ളിൽ ആയുധങ്ങൾ പ്രവേശിപ്പിച്ചിരുന്നില്ല.

വ്യാപാരത്തിന്റെയും ചരക്കുനീക്കത്തിന്റെയും അങ്ങാടികളുടെയും സംരക്ഷണത്തിലുപരി മറ്റു ചില ഉത്തരവാദിത്വങ്ങളും നസ്രാണിപ്പടയ്ക്കുണ്ടായിരുന്നു. തങ്ങൾ താമസിക്കുന്ന നാട്ടുരാജ്യത്തിനു വിദേശഭീഷണി ഉണ്ടാകുമ്പോൾ അതത് രാജാക്കന്മാരെ അവർ സഹായിച്ചു. പലരും നാട്ടുരാജ്യങ്ങളിലെ സ്ഥിരം സേനകളിൽ പിന്നീട് അംഗങ്ങളായി. നസ്രാണികളുടെ ജാതിപരമായ അവകാശങ്ങൾക്ക് ഭീഷണിയുണ്ടാകുമ്പോൾ രാജ്യാതിർത്തികൾക്കുപരിയായി നസ്രാണിപ്പട സംഘടിക്കുകയും അവകാശസംരക്ഷണത്തിനായി പോരാടുകയും ചെയ്തിരുന്നു. 16-ാം നൂറ്റാണ്ടിൽ പറവൂർ രാജാവ് നടത്തിയ ഒരു ജാത്യാവകാശ ലംഘനത്തിനെതിരായി നസ്രാണിപ്പട സംഘടിച്ചതായും അവകാശം നിലനിർത്തിയതായും രേഖകളുണ്ട്.

ജാതിക്കു തലവനായ അർക്കദ്യക്കോൻ ആയിരുന്നു രാജ്യസീമകൾക്കുപരി നസ്രാണിപ്പടയുടെ തലവൻ. മ്ശിഹാക്കാലം 1523-ൽ ഇപ്രകാരം 25,000 നസ്രാണിപ്പടയാളികൾ ജാതിക്കു തലവന്റെ കീഴിലുണ്ടായിരുന്നു.

ചെറുതും വലുതുമായ നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് തിരുവിതാംകൂർ രൂപീകരിക്കുന്ന പ്രക്രിയയിൽ പുതുതായി പിടിച്ചടക്കിയ രാജ്യങ്ങളിൽ നിന്ന് ആയിരക്കണക്കിനു നസ്രാണിപ്പടയാളികളെ മാർത്താണ്ഡവർമ്മ തിരുവിതാംകൂർ സൈന്യത്തിൽച്ചേർത്തു. പിന്നീടുണ്ടായ മൈസൂർ ആക്രമണകാലത്തും ഇവരുടെ സേവനം തിരുവിതാംകൂറിനു ലഭ്യമായി.



1809-ൽ കലാപത്തെത്തുടർന്ന് വേലുത്തമ്പി തിരുവിതാംകൂറിലെയും കൊച്ചിയിലെയും പട്ടാളത്തെ പിരിച്ചുവിട്ടതോടെ നസ്രാണിപ്പടയും ശിഥിലമായി. പരമ്പരാഗത ആയുധ പരിശീലനകേന്ദ്രങ്ങളായ കളരികളെയും ഈ പ്രക്രിയ ഇല്ലായ്മ ചെയ്തു. അതോടെ നസ്രാണികളുടെ ആയോധന പരിശീലനവും അവസാനിച്ചു. ഇതിനെത്തുടർന്ന് പട്ടാളസേവനത്തെ ആശ്രയിച്ചിരുന്ന നല്ലൊരു സംഖ്യ നസ്രാണികൾ മറ്റു തൊഴിലുകളിലേക്ക്-മുഖ്യമായും നെൽക്കൃഷിയിലേക്ക് തിരിഞ്ഞു.

കടപ്പാട്: ഡോ. എം. കുര്യൻ തോമസ്

നസ്രാണി ഭടന്മാരുടെ സങ്കേതം

പുരാതനകാലം മുതൽ അങ്കമാലി നസ്രാണി ഭടന്മാരുടെ ഒരു സങ്കേതവും അങ്കം, കളരിപ്പയറ്റ് തുടങ്ങിയ പല ആയോധനകലകളും അഭ്യസിപ്പിച്ചിരുന്ന ഒരു കേന്ദ്രവുമായിരുന്നു. അങ്കം അഭ്യസിപ്പിച്ചുരുന്ന മാലി (മൈതാനം) ആയതുകൊണ്ടാകാം 'അങ്കമാലി' എന്ന നാമം ലഭിച്ചതെന്ന് കരുതപ്പെടുന്നു.

1599ൽ ആർച്ബിഷപ്പ് മെനെസിസ് കൊച്ചിയിൽ വന്നിറങ്ങുമ്പോൾ അങ്കമാലിയിലെ ആർക്കദിയോക്കൻ ഗീവർഗീസ്, രണ്ടുപണിക്കന്മാരുടെ അകമ്പടിയോടെ ആയുധധാരികളായ മൂവ്വായിരം (3000) നസ്രാണിഭടന്മാരോടൊപ്പം കൊച്ചിയിലേക്ക് പുറപ്പെട്ടതായി കാണാം.

കൊച്ചി രാജാവ് യുദ്ധത്തിന് നസ്രാണിഭടന്മാരുടെ സേവനം ഉപയോഗിച്ചിരുന്നു. മാർത്തോമ്മാ നസ്രാണികളുടെ കളരിയും കച്ചകെട്ടും പണിക്കന്മാരും ആയുധാഭ്യാസവും മറ്റും ഉണ്ടായിരുന്നു. കൊച്ചിരാജാവിന്റെ കല്പനയനുസരിച്ചു ഉദ്ദേശം അൻപതിനായിരം (5000) നസ്രാണികൾ യുദ്ധസന്നദ്ധരായി ആയുധങ്ങളോട് കൂടി പുറപ്പെടുവാൻ സാധിച്ചിരുന്നുവെന്നു ഹോ (HOUGH) രേഖപ്പെടുത്തുന്നുണ്ട്

[Ref :കൊച്ചിരാജ്യചരിത്രം - കെപിപദ്മനാഭമേനോൻ]

കൊച്ചി രാജാവിന്റെ സേവനത്തിനു അൻപതിനായിരം പടയാളികളെ നസ്രാണികൾ നൽകിയിരുന്നുവെന്നും അവരെ പിൻവലിച്ചാൽ രാജാവിന്റെ സൈനിക ശക്തി ദുർബലമാകുമെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

[ref : Jornada - Guvaya]

1652-ൽ വന്ന അഹത്തള്ളയുടെ കപ്പൽ കൊച്ചിയിലെത്തിയപ്പോൾ, അവിടെ ഇരുപത്തി അയ്യായിരം സായുധരായ മാർത്തോമാ നസ്രാണികളായ ഭടന്മാരുടെ അകമ്പടിയോടെ അങ്കമാലിയിലെ തോമആർക്കാദയോക്കൻ ആഗതനായത് .

ഉദയംപേരൂർ ഇൻക്വിസിഷനു ശേഷം നസ്രാണിസമൂഹം പോർച്ചുഗീസ് വൈദേശികാധിപത്യത്തിനു കീഴ്പ്പെട്ടതു മുതൽക്കു ആയുധാഭ്യാസവും കച്ചകെട്ടും നസ്രാണികളുടെയിടയിടയിൽ ക്ഷയിച്ചു തുടങ്ങി. നസ്രാണികൾക്കു രാജാവുണ്ടായിരുന്നു കാലത്തും, രണ്ടു ശദാബ്ദങ്ങൾ വരെ അതിൽ പിന്നെയും യോദ്ധക്കളായി അനേകായിരം പേര് ഉണ്ടായിരുന്നു. പോർച്ചുഗീസുകാർ എത്തിയ കാലഘട്ടത്തിൽ മുൻപ് സൂചിപ്പിച്ചതു പോലെ അന്പത്തിനായിരത്തിൽപ്പരം നസ്രാണി പടയാളികൾ ഉണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു.

[Ref : മാർത്തോമാക്രിസ്ത്യാനികൾ - ബെർണാഡ് തോമ]

കടപ്പാട്: അങ്കമാലി രേഖകൾ (വർഗീസ് അങ്കമാലി, ജോമോൻ തച്ചിൽ)



● കോലഞ്ചേരി സ്പോർട്സ് സെന്റർ.



കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂളിൽ കടയിരുപ്പ് പ്ലാന്റ് ലിപിഡ്സ് നിർമിച്ച സ്പോർട്സ് സെന്ററിന്റെ കൂദാശ നിർവഹിച്ച ശേഷം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരി തെളിയിക്കുന്നു. ഫാ. ജേക്കബ് കുര്യൻ, ടി.വി. ആൻഡ്രൂസ്, ബിജു ഉമ്മൻ, സി.ജെ. ജോർജ്, ജോൺ നെച്ചൂപ്പാടം തുടങ്ങിയവർ സമീപം.

സെന്റ് പീറ്റേഴ്സ് സ്കൂളിൽ സ്പോർട്സ് സെന്റർ കൂദാശ നടത്തി

കോലഞ്ചേരി ● സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ രാജ്യാന്തര നിലവാരത്തിൽ നിർമിച്ച സ്പോർട്സ് സെന്ററിന്റെ കൂദാശ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. കടയിരുപ്പ് പ്ലാന്റ് ലിപിഡ്സ് കമ്പനി കമ്പനി 5 കോടിയോളം രൂപ ചെലവഴിച്ചാണു സ്കൂൾ ശതാബ്ദി സ്മാരകമായി സ്പോർട്സ് സെന്റർ നിർമിച്ചത്. 11,000 ചതുരശ്രയടി വിസ്തീർണത്തിൽ പണി തീർത്ത സെന്ററിൽ തടി കൊണ്ടു നിർമിച്ച 4 ഷട്ടിൽ കോർട്ടുകളും ടേബിൾ ടെന്നിസ് പരിശീലന കേന്ദ്രവുമുണ്ട്. പൂർണമായും എസിയിലാണു പ്രവർത്തിക്കുന്നത്.

സെന്ററിന്റെ താക്കോൽ ലിപിഡ്സ് ചെയർമാൻ സി.ജെ. ജോർജ്, പരിശുദ്ധ കാതോലിക്കാ ബാവായ്ക്കു കൈമാറി. ബാവാ സ്കൂൾ ഭാരവാഹികളെ താക്കോൽ ഏൽപിച്ചു. ശിലാ ഫലകവും ബാവാ അനാച്ഛാദനം ചെയ്തു.

മലങ്കര അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, കോലഞ്ചേരി പള്ളി വികാരി ഫാ. ജേക്കബ് കുര്യൻ, ലിപിഡ്സ് എംഡി ജോൺ നെച്ചൂപ്പാടം, കണ്ടനാട് ഭദ്രാസന സെക്രട്ടറി ഫാ. ജോസ് തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

25നു നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ പ്രധാന വേദി ഈ സ്പോർട്സ് സെന്ററാണ്.



എഴുപത്തിമൂന്നാം ജന്മദിനം ആഘോഷിച്ച പ. കാതോലിക്കാബാവ കുന്നംകുളം കരുണാലയത്തിലെ അംഗങ്ങൾക്കൊപ്പം കേക്ക് മുറിച്ച് സന്തോഷം പങ്കിടുന്നു.




മാർത്തോമാ സഭയുടെ അദ്ധ്യക്ഷൻ തിയഡോഷ്യസ് മാർത്തോമായുടെ ജന്മദിനത്തിൽ ഓർത്തോഡോക്സ് സഭയുടെ ആശംസകൾ പ. ബാവാ തിരുമേനിക്കുവേണ്ടി അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിക്കുന്നു.



മാവേലിക്കര ഓർത്തഡോക്സ് കൺവൻഷൻ ഭദ്രാസന സഹായ മെത്രാപ്പോലീത്ത അലക്സിയോസ് മാർ യൗസേബിയോസ് ഉദ്ഘാടനം ചെയ്തു.



പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി സഭ നിർമ്മിച്ചു നൽകുന്ന ഭവനങ്ങളുടെ കട്ടിള വെയ്പ് ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് നിർവഹിച്ചു. പൂർത്തീകരണ ഘട്ടത്തിലുള്ള ഭവനങ്ങളും സന്ദർശിച്ചു. ടി. കെ. ജോർജ് തൈപ്പറമ്പിൽ കോർഎപ്പിസ്ക്കോപ്പാ, പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു കെ. ജോൺ, ഫാ കുര്യാക്കോസ് മാണി, ഫാ. യോഹന്നാൻ എ, ഫാ. ഗീവർഗ്ഗീസ് പണിക്കശ്ശേരി, OCYM വൈസ് പ്രസിഡന്റ് ഫാ. വർഗീസ് ജേക്കബ്. എം. എം. എബ്രഹാം, അനിൽമോൻ എൻ. എ., പി. സി. ജോർജ്, ട്രസ്റ്റി പി. പി രാജു, സെക്രട്ടറി. മാത്യു വി. ജോസഫ്, OCYM സെക്രട്ടറി അഡോണി ടി. ജോൺ, OCYM ഗ്രൂപ്പ് ഓർഗനൈസർ ലിബിൻ വർഗീസ് എന്നിവർ സന്നിഹിതരായിരുന്നു.



കെ. വി. മാമ്മനെ സന്ദർശിച്ചു

ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് സഭാചരിത്രകാരനായ കെ. വി. മാമ്മനെ സന്ദർശിച്ചു. മാമ്മൻ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ മെത്രാപ്പോലീത്തായ്ക്ക് സമ്മാനിച്ചു. സഭാചരിത്രകാരൻമാരെ ആദരിക്കാനും ബഹുമാനിക്കാനും മെത്രാപ്പോലീത്താ കാണിക്കുന്ന താൽപര്യങ്ങൾക്ക് കൃതജ്ഞതാപൂർവ്വം മാമ്മൻ നന്ദി അറിയിച്ചു. 93-ലെത്തി നിൽക്കുന്ന കെ. വി. മാമ്മൻ തന്റെ അടുത്ത പുസ്തക രചനയുടെ പണിപ്പുരയിലാണ്.

യാക്കോബായ വിഭാഗം അക്രമത്തിൽ നിന്ന് പിൻമാറണം: ഓർത്തഡോക്സ് സഭ

കോട്ടയം: കഴിഞ്ഞ ഞായറാഴ്ച കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ ആട്ടിൻകുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ യാക്കോബായ വിഭാഗം അഴിച്ചുവിട്ട അക്രമസംഭവം നിർഭാഗ്യകരമെന്ന് ഓർത്തഡോക്സ് സഭ. കോടതി വിധിയനുസരിച്ച് സമാധാനപരമായി ഭരിക്കപ്പെടുന്ന ദേവാലയത്തിൽ മനഃപൂർവ്വം പ്രശ്ങ്ങൾ സൃഷ്ടിക്കുവാനുള്ള ശ്രമം അപലപനീയമാണെന്ന് സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറസ് മെത്രാപ്പോലീത്താ. സകല പുരോഹിതരുടെയും ഓർമ്മദിനത്തോടനുബന്ധിച്ച് കബറിങ്കൽ ധൂപപ്രാർത്ഥന നടത്തിയപ്പോൾ ആയുധങ്ങൾ ഉപയോഗിച്ച് ഗെയിറ്റ് തകർത്ത് കോമ്പൗണ്ടിൽ അതിക്രമിച്ച് കടന്ന് ഭീകരാന്തരീക്ഷം സൃഷ്ടിച്ചവർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.



പരിശുദ്ധ കാതോലിക്കാ ബാവാ ഇതര സഹോദരസഭകളിലെ പിതാക്കന്മാർക്കൊപ്പം: മാരാമൺ എക്യൂമെനിക്കൽ സമ്മേളന വേദിയിൽ.



മലങ്കര സഭാരത്നം ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പത്താമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചു ശുശ്രൂഷകസംഘം മധ്യതിരുവിതാംകൂർ മേഖലാ സമ്മേളനം മാവേലിക്കര സെന്റ് പോൾസ് സുവിശേഷാലയത്തിൽ നടന്നു. പ്രസിഡന്റ് അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്തു



പരുമല സെന്റ് ഗ്രീഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ പുതുതായി ആരംഭിച്ച Electro Physiology Clinic-ന്റെ ഉദ്ഘാടനം 2022 ഫെബ്രുവരി 17-നു നിരണം ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ ഏബ്രഹാം നിർവ്വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ, പ്രശസ്ത Electro Physiology Specialist Dr. Ajith Thachil, CEO Fr. M. C. Poulose, Medical Super-intendent Dr. Sherine Joseph, Dr. Mahesh Nalin Kumar, Dr. S.Rajagopal, Dr. Sajan Ahamed, Dr. Arunkuma G. എന്നിവർ ആശംസ അറിയിക്കുകയും ചെയ്തു. Parumala Electro Physiology Clinic ക്കിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് Dr. Ajith Thachil ലും സംഘവുമാണ്.